# നാലു സിദ്ധന്മാർ.



Pandit

J. CHAKKORU KONIKKARA

13541

1502

# നാലു സിദ്ധന്മാർ.

1384P

Pandit
J. CHAKKORU KONIKKARA.

*Printed and Published by*
BHARATHA VILASAM PRESS & BOOK-DEPOT,
TRICHUR.

1124.

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM

Copy right to Publishers.

920

# മുഖവുര.

പരിഷ്കാരം വൎദ്ധിച്ചുവരുന്ന ഇക്കാലത്തു ബാലികാബാലന്മാരിൽ എന്നല്ല വയോജനങ്ങളിൽപോലും ഈശ്വരവിശ്വാസവും മതബോധവും ക്ഷയോന്മുഖമായിട്ടാണു കണ്ടുവരുന്നതു്. സിദ്ധന്മാരുടെ പരിപാവനമായ ജീവിതചരിത്രം പാരായണം ചെയ്യുന്നതു് അതിന്നൊരു പ്രതിവിധിയായി പരിണമിക്കാതിരിക്കയില്ല. ഈ ഒരുദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ചെറു പുസ്തകം രചിച്ചിട്ടുള്ളതു്.

ഈ ഗ്രന്ഥത്തിലെ നായകന്മാരായ നാൽവരും, വന്യപ്രദേശങ്ങളിലുള്ള ആശ്രമങ്ങളിൽ ജനിച്ചുവളൎന്നു പരമ്പരാഗതമായ മുനിവൃത്തി സ്വീകരിച്ച സന്യാസിമാരായി തീൎന്നിട്ടുള്ളവരല്ല; പ്രത്യുത ലൌകികനിലക്കു ജീവിതം ആരംഭിച്ചു്, ക്രമേണ ലോകത്തിന്റെ നിസ്സാരതയും നശ്വരതയും ഗ്രഹിച്ചു്, തപോവൃത്തിയിലേക്കു തിരിഞ്ഞു് ഒടുവിൽ സിദ്ധന്മാരായി തീൎന്നിട്ടുള്ളവരാണു്.

തുകാരാമും ഫ്രാൻസീസും കച്ചവടക്കാരുടെ പുത്രന്മാരാണു്. രണ്ടുപേരും വാണിജ്യവിഷയത്തിൽ സ്വപിതാക്കളെ സഹായിച്ചു കുറെക്കാലം കഴിച്ചിട്ടുണ്ടു്. ഫ്രാൻസീസു സാഹസപ്രിയനായ ഒരു കുതിരപ്പടയാളിയായിരുന്നുവെങ്കിൽ, തുകാരാം അശ്വഭടന്മാരുടെ സമ്രാട്ടും മഹാരാഷ്ട്രസാൎവ്വഭൌമനുമായ ശിവാജിയുടെ ഉപദേഷ്ടാവായിരുന്നു. ലൌകികജീവിതത്തിൽ വൈ

രാഗ്യംമൂലം മുമുക്ഷുക്കളായി ജീവിതം നയിച്ചുവന്ന അവർ രണ്ടുപേരേയും അത്തു ഗ്രാമവാസികരം ഭ്രാന്തന്മാരെന്നു കരുതി പരസ്യമായി ആക്ഷേപിച്ചിട്ടുണ്ടു്. വിവേകാനന്ദസ്വാമികളുടെ പിതാവു് ഒരു പ്രസിദ്ധനായ വക്കീലായിരുന്നു. സ്വാമികരംതന്നെ ബി. എ. പാസ്സായി, കുടുംബസംരക്ഷണത്തിന്നുവേണ്ടി കുറെക്കാലം ഉദ്യോഗം നോക്കിയിരുന്ന ഒരാളാണു്. കബീർദാസിൻെറ പിതാവു് ആരാണെന്നു സുജ്ഞാതമല്ലെങ്കിലും, അദ്ദേഹംതന്നെ ഒരുത്തമതൊഴിലാളിയായി ജീവിതം നയിച്ചിരുന്നവനാണു്. അന്നന്നു മുണ്ടുനെയ്തു വിററിട്ടാണു് അദ്ദേഹം സ്വകുടുംബം പുലർത്തിവന്നതു്. ഇങ്ങനെ നോക്കുമ്പോരം ഇവരുടെ ജീവിതരീതി ലൌകികജീവിതം അവലംബിക്കുന്ന ഏതൊരുവന്നും അപ്രായോഗികമായി വരുന്നതല്ല.

ബാലികാബാലന്മാക്കു് ഉചിതമായവിധം വിഷയത്തെ സംഗ്രഹിക്കുകയും ഭാഷയെ ലളിതമാക്കുകയും ചെയ്യുന്നതിന്നു ഞാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ടു്. ബാലകരായ വായനക്കാരിൽ ആക്കെങ്കിലും സന്മാർഗ്ഗബോധവും മതവിശ്വാസവും അങ്കുരിക്കുന്നതിന്നു് ഈ ചെറുപുസ്തകം പ്രേരകമായി ഭവിക്കുമെങ്കിൽ അതുതന്നെയാണു് ഈ പരിശ്രമത്തിൽ എനിക്കുള്ള ചാരിതാത്ഥ്യം.

ഗ്രന്ഥകത്താവു്.

# കബീർദാസ്.

ഉദ്ദേശം ആറു നൂററാണ്ടുകൾക്കുമുമ്പെ കാശിയിലാ ണു കബീർ ജീവിച്ചിരുന്നതു്. മുണ്ടു നെയ്ത്തായിരു ന്നു അദ്ദേഹത്തിൻെറ തൊഴിൽ. ഈശ്വരഭക്തിയിൽ മികച്ചവനെന്ന നിലയിൽ ഇന്ത്യക്കാർ അദ്ദേഹത്തെ ആദരിച്ചു വരുന്നുണ്ടു്. കബീരിൻെറ മാതാപിതാക്ക ന്മാരെപ്പററിയോ ജന്മദേശത്തെപ്പററിയോ ശരിയാ യ അറിവു നമുക്കു ലഭിക്കുന്നില്ല. അദ്ദേഹം ആരെ വിവാഹം ചെയ്തിരുന്നു എന്നും അറിയാവതല്ല. പ ക്ഷെ ഭാര്യയും കുട്ടികളുമുള്ള ഒരു കുടുംബനായകനായി രുന്നു അദ്ദേഹം. ജാതിയിൽ മുസൽമാനായിരുന്നു എ ന്നാണു പരക്കെ വിശ്വസിക്കപ്പെടുന്നതു്. കബീർ എന്ന പേരിന്നു് അറബിഭാഷയിൽ നെയ്ത്തുകാരൻ എന്നാണത്രെ അൎത്ഥം. അങ്ങനെ തൻെറ തൊഴി ലിന്നു പററിയ പേരുതന്നെയായിരുന്നു അതു് എന്നു കരുതാം. മുസൽമാന്മാരുടെ സമുദായത്തിലാണു് ഈ പേരിന്നു് അധികം പ്രചാരം കാണുന്നതു്.

ഹിന്ദിയായിരുന്നു അദ്ദേഹത്തിൻെറ മാതൃഭാഷ. ഭക്തിപരവശനായ അദ്ദേഹം ഈശ്വരസ്തോത്രപരങ്ങ ളായ പല ഗാനങ്ങളും രചിച്ചിട്ടുണ്ടു്. കബീരിനെപ്പ ററി പ്രധാനചില വിവരങ്ങൾ നമുക്കു ലഭിക്കുന്നതു് ഈ ഭക്തഗീതങ്ങളിൽനിന്നാണു്. ഹിന്ദുമതത്തിലെ പല ഐതിഹ്യങ്ങളും വേദാന്തചിന്തകളും ഈ ഗീത ങ്ങളിൽ തെളിഞ്ഞു കാണുന്നതുകൊണ്ടു കബീർദാസ് ഒരു ഹിന്ദുവായിരുന്നു എന്നു് അനുമാനിക്കുന്നവരു

ഉണ്ടു്. മുസ്ലീം സാഹിത്യങ്ങളും ഐതിഹ്യങ്ങളും അദ്ദേഹത്തിന്നു നല്ലപോലെ പരിചിതമായിരുന്നു. ഏതായാലും വളരെക്കാലം അദ്ദേഹം കാശിയിൽ താമസിച്ചിട്ടുണ്ടെന്നതു തക്കമെററ സംഗതിയാണു്.

അത്യന്തം ദരിദ്രനായിരുന്നു കബീർ. ബാലനായിരുന്ന കാലത്തുതന്നെ തൻെറ ഉപജീവനം നേടുന്നതിന്നും മാതാപിതാക്കന്മാരെ പുലത്തുന്നതിന്നുംവേണ്ടി അദ്ദേഹം വളരെ ക്ലേശിച്ചിട്ടുണ്ടത്രെ. ആ സാധുബാലൻ അന്നന്നു നെയ്യുന്ന വസ്ത്രങ്ങരം കാശിയിലെ തെരുവീഥികളിലും ചന്തസ്ഥലങ്ങളിലും കൊണ്ടുനടന്നു വിററു കിട്ടുന്ന ചെറിയ സമ്പാദ്യംകൊണ്ടു തൻെറ പാവപ്പെട്ട കുടുംബം പുലത്തിവന്നു. അക്കാലത്തു് ഒരിക്കൽ ഉണ്ടായ ഒരു സംഭവമാണു താഴെ ചേക്കുന്നതു്:—

അന്നു നെയ്തുതീന്ന മുണ്ടു വില്ക്കുന്നതിന്നായി, കബീർ ഒരുദിവസം പതിവുപോലെ ചന്തസ്ഥലത്തേയ്ക്കുപോയി. "മുണ്ടുവേണമോ മുണ്ടു്" എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് ആ ബാലകൻ തെരുവുകളിൽ നടന്നുതുടങ്ങി. ചിലർവന്നു മുണ്ടിന്നു വില ചോദിച്ചു; അവൻ നാലണ വിലയും പറഞ്ഞു. അവരാരും മുണ്ടു വാങ്ങിയുമില്ല. അങ്ങനെ നടക്കുമ്പോരം മറെറാരുവൻ വന്നു. അവൻ പറഞ്ഞു; "എടാ, കുട്ടി; ഈ നാടൻമുണ്ടിന്നു് ആരെങ്കിലും നാലണ തരുമോ? വിശേഷപ്പെട്ട ശീമവസ്ത്രങ്ങരം ഇതിലും വിലകുറച്ചു കിട്ടുമല്ലോ? അതുകൊണ്ടു രണ്ടണ തരാം; മുണ്ടു തന്നേക്കു." കബീർ വ്യസനത്തോടെ പറഞ്ഞു. "എജമാനനേ, നൂലിൻെറ വിലയും എൻെറ ഒരു ദിവസത്തെ പണിയും കണക്കാക്കിയാൽ നാലണ

ക്കില്ലാതെ വരുമോ? നാലണ കിട്ടാഞ്ഞാൽ എനി ക്കും അമ്മയച്ഛന്മാൎക്കും ഉപജീവനത്തിന്നു മതിയാക യുമില്ല.'' ''എന്നാൽ ബാക്കി രണ്ടണക്കു നീ അപ്പുറ ത്തുള്ള വല്ല പീടികയിൽനിന്നും ഒരു മുണ്ടുകൂടി മോ ഷ്ടിച്ചു കൊണ്ടുവന്നു വില്ക്കേണ്ടിവരും. അല്ലാതെ ഈ മുണ്ടിന്നാരും നാലണ തരില്ല. പക്ഷെ വല്ല കുരുടന്മാ രെയും വഞ്ചിക്കുവാൻ സാധിച്ചേക്കാം.'' എന്നു പറ ഞ്ഞുകൊണ്ടു് ആ മനുഷ്യൻ പൊയ്ക്കളഞ്ഞു.

അസത്യം എന്നാൽ എന്തെന്നുപോലും അറി യാത്ത കബീരിന്നു് ഈ മറുപടി അത്യന്തം ഏറെഖേ ദകമായിത്തോന്നി. അവൻ കരഞ്ഞുതുടങ്ങി. കവിൾ ത്തടങ്ങളിലൂടെ ഒഴുകിയ കണ്ണുനീർ അവൻെറ ഉടു ത്തുണിയെപ്പോലും നനച്ചു. ''ഹാ! ദൈവമേ, സ ത്യം പറയുന്നവനെ ഈ ചന്തയിൽ കള്ളനായി എ ണ്ണുന്നു. നൂലിന്നും കൂലിക്കുംകൂടി നാലണ ചോദി ച്ചാൽ അതു് ഒട്ടും അധികമായ വിലയല്ല. അതിൽ കൂടുതലായി എന്തെങ്കിലും കിട്ടേണമെന്നു് എനിക്കു് ഇച്ഛയുമില്ല. എന്തെന്നാൽ ഞാൻ എന്നല്ല എൻെറ വന്ദ്യരായ മാതാപിതാക്കന്മാരും അല്പംകൊണ്ടു തൃപ്തി പ്പെടുന്നവരാണു്. നാളെയും നാലണ ഞങ്ങൾക്കു ന ല്കുന്നതിന്നു സൎവ്വശക്തനായ ഈശ്വരൻ കനിയാതി രിക്കയില്ല. ശരി. ഈശ്വര, എന്നെ ആരെങ്കിലും എത്രയെങ്കിലും അപഹസിക്കുകയോ പച്ചീക്കുകയോ ചെയ്തുകൊള്ളട്ടെ. സത്യസ്വരൂപനായ അവിടുന്നു തന്നെ എനിക്കു ശരണ്യൻ. ഞാൻ അവിടുത്തെ ഉ പേക്ഷിക്കാതിരിക്കുന്ന കാലത്തോളം ദയാലുവായ സ ൎവ്വേശ്വര, അവിടുന്നും എന്നെ ഉപേക്ഷിക്കുകയില്ലെ

നു് എനിക്കുറപ്പുണ്ടു്. ഈശ്വര, അവിടുത്തെ ഈ വിനീത ദാസനെ സംരക്ഷിച്ചാലും.'' എന്നിങ്ങനെ അവൻ മനസാ വിലപിച്ചുകൊണ്ടിരുന്നു.

കഷ്ടം, ഈ ശുദ്ധമനസ്കനായ ബാലന്റെ അന്തരംഗവും, ചതിയും കളവും തട്ടിപ്പറിയും വിളയുന്ന ചന്തസ്ഥലവും തമ്മിൽ എത്ര വ്യത്യാസം! അവന്റെ സത്യസന്ധത ഇവിടെ 'ഗർദ്ദഭസദസ്സിലെ ഗന്ധർവ്വഗീതോദ്യമം' പോലെയിരിക്കുന്നു. പരിശുദ്ധയായ ഗംഗാനദിയുടെ തീരപ്രദേശത്തു, കാശി വിശ്വനാഥസ്വാമിയുടെ ദിവ്യസന്നിധിയിൽ, സത്യസന്ധനായ ഒരു ബാലന്റെ വചനങ്ങൾ അവിശ്വാസ്യങ്ങളും അപഹാസ്യങ്ങളുമായി തീൎന്നിരിക്കുന്നു! ഇതൊരു മഹാപാതകംതന്നെ! കളവും; വഞ്ചനയും പട്ടണപ്പിരട്ടും നിറഞ്ഞ നഗരങ്ങളിൽ ശുദ്ധമാനസന്മാരും സത്യാൎത്ഥികളുമായ കൈത്തൊഴിൽക്കാൎക്കു കഴിച്ചുകൂട്ടുവാൻ ബഹു വിഷമംതന്നെ.

ബാലനായ കബീർ പ്രസന്നമുഖനായി തന്റെ തളിർക്കരങ്ങളിൽ വസ്ത്രവുമേന്തി വീണ്ടും നടന്നുതുടങ്ങി. നേരം സന്ധ്യ മയങ്ങിത്തുടങ്ങി. മുണ്ടുവാങ്ങുവാൻ ആരും വന്നുചേരുന്നുമില്ല. ''മുണ്ടുവേണമോ, നല്ല മുണ്ടു്; നാലണമാത്രം.'' എന്നുള്ള അവന്റെ മഞ്ജുളസ്വരം ആ ചന്തയിലെ ബഹളത്തിൽ ആരാണു കേൾക്കുന്നതു്? തെരുവുകൾതോറും നടന്നു് അവന്റെ കൈകാലുകൾ തളൎന്നുതുടങ്ങി. ആ വസ്ത്രത്തിന്റെ വില കിട്ടീട്ടുവേണം അതുകൊണ്ടു് അരിവാങ്ങി അവനും അവന്റെ അമ്മയച്ഛന്മാൎക്കും അത്താഴം കഴിക്കുവാൻ.

കബീർ കണ്ണീരുംപൂണ്ടു് അങ്ങനെ നടക്കുമ്പോൾ, നീണ്ടുനരച്ച താടിയും മീശയുമായി, ഒരു് വൃദ്ധനായ മുസൽമാൻഫക്കീർ ഒരുവടിയുംകുത്തി മന്ദമന്ദംഅവിടെ വന്നുചേർന്നു. "മിടുക്കനായ കുട്ടി! നീ വില്പനയ്ക്കു



കൊണ്ടുവന്നിരിക്കുന്ന ഈ വസ്ത്രം; ദൈവത്തെ വിചാരിച്ചു്, എനിക്കു വെറുതെ തരിക." എന്നു് ആ വൃദ്ധൻയാചിച്ചു. ബാലൻ പരിഭ്രമിച്ചു നോക്കിനില്ക്കു

മ്പോഠം ആ വയോധികൻ വീണ്ടുംപറഞ്ഞു:—"അല്ല യോ കുട്ടീ; നിനക്കു ധൎമ്മംകൊടുക്കുവാൻ എന്നേക്കാം യോഗ്യനായിട്ടു് ആരെയും കണ്ടുകിട്ടുകയില്ല. എന്തെന്നാൽ ശീതബാധകൊണ്ടു വിറച്ചുകൊണ്ടിരിക്കുന്ന ഒരു പടുവൃദ്ധനാണു ഞാൻ. അതിന്നുള്ള ഫലം— ദിവ്യസമ്മാനം—നിനക്കു് ഈശ്വരൻ തരാതിരിക്കയില്ല. എൻെറ ഓമനക്കുട്ടി, ഈ വസ്ത്രം നീ എനിക്കു തന്നേ കഴിയൂ. അതാ തണുത്ത കാററു മന്ദമായി വീശിത്തുടങ്ങി. രാത്രി അതിയായ മഞ്ഞുമുണ്ടു്. ചോരയും നീരുമററ എൻെറ ഈ ദേഹത്തെ ഒന്നു് ആച്ഛാദനം ചെയ്യുവാൻ, അതു നീ തരു. കുട്ടീ, താമസിക്കേണ്ട, സംശയിക്കേണ്ട. നമ്മേ സൃഷ്ടിച്ചുരക്ഷിക്കുന്ന 'അള്ളാ' നിനക്കു നല്ലതു തരാതിരിക്കയില്ല."

കബീർ വല്ലാതെ കുഴങ്ങി. അവൻെറ മനസ്സു വിവിധവികാരങ്ങളാൽ തിരതല്ലിത്തുടങ്ങി. അവൻ ധൎമ്മസങ്കടത്തിലായി. "കഷ്ടം! ഞാൻ ഇപ്പോഠം ഈ മുണ്ടു ദാനംചെയ്താൽ, അച്ഛനമ്മമാൎക്കു് അത്താഴമില്ലാതാകും. ഈ പടുകിഴവൻ ഇത്രയും യാചിച്ചിട്ടു കൊടുക്കാതിരുന്നാൽ എനിക്കു മനസ്സിന്നു സുഖവും സമാധാനവുമുണ്ടാകയുമില്ല." എന്നിങ്ങനെ ഒരു നിമിഷത്തിൽ വിചാരിച്ചുകൊണ്ടു് അവൻ പറഞ്ഞു:— "പകുതി വസ്ത്രം ഞാൻ മുറിച്ചു് അങ്ങക്കു തരാം. മറേറപ്പകുതിവിററുകിട്ടുന്ന കാശുകൊണ്ടു് അരിവാങ്ങി അമ്മയെ ഏല്പിക്കണം. എന്തെന്നാൽ അങ്ങക്കുവേണ്ടി അത്താഴപ്പട്ടിണിക്കു ഞാൻ സന്നദ്ധനാണെങ്കിലും എൻെറ അച്ഛനമ്മമാൎക്കു കഞ്ഞിയെങ്കിലും കൊടുത്തേ കഴിയൂ. അവർ അങ്ങയെപ്പോലെതന്നെ വാൎദ്ധക്യം ബാ-

ധിച്ചവരല്ലേ. ഞാൻ അവക്ക് ഏകപുത്രനാണ്. അവരിപ്പോഠം അടുപ്പുഞ്ഞു വെള്ളവുമിട്ട് എൻെറ പ്രത്യാഗമനം കാത്തിരിക്കുകയാണ്. ഞാൻ വൈകുന്ന ഓരോ നിമിഷവും അവക്കു ദുഃഖഹേതുകമാണ്."

ഫക്കീർ അല്പം കോപത്തോടുകൂടി വീണ്ടും പറഞ്ഞു:—"നിൻെറ അച്ഛനേക്കാഠം പ്രായംചെന്നവനാണു ഞാൻ. അതുകൊണ്ടു പിതൃഭക്തനായ പ്രിയ ബാലക, നീ എൻെറ അപേക്ഷയെ നിരസിക്കരുത്. പകതി വസ്ത്രത്തിന്നായി വല്ലവരും യാചിക്കാറുണ്ടോ? തരാമെന്നുണ്ടെങ്കിൽ നീ മുണ്ടു മുഴുവനായി തന്നെ എനിക്കു തരണം. അതിന്നുസമ്മതമില്ലെങ്കിൽ നിൻെറ അർദ്ധദാനം അവിടെയിരിക്കട്ടെ; എനിക്കാവശ്യമില്ല. ഈ ചന്തയിൽ നല്ല കുട്ടികഠം വേറെ ഉണ്ടോ എന്നു ഞാനൊന്നു നടന്നുനോക്കട്ടെ." ഇത്രയുംപറഞ്ഞു വൃദ്ധൻ ഇച്ഛാഭംഗത്തോടുകൂടി വടിയും കുത്തിനടന്നുതുടങ്ങി.

ദുഃഖിതനായ കബീർ ഉടനെ ഓടിച്ചെന്ന് അദ്ദേഹത്തിൻെറ പാദങ്ങളിൽവീണു നമസ്കരിച്ചു. "മാന്യനായ അങ്ങുന്നേ, എൻെറ അവിവേകത്തെ ക്ഷമിക്കണം. എൻെറ ഈ വിനീതമായ ദാനത്തെ അങ്ങുന്നു സദയം സ്വീകരിച്ചാലും." എന്നപേക്ഷിച്ചുകൊണ്ടു താൻ വില്പനക്കു കൊണ്ടുവന്നിട്ടുള്ള കോടിമുണ്ടെടുത്തു സസന്തോഷം അദ്ദേഹത്തിന്നു സമ്മാനിച്ചു. ഫക്കീരാകട്ടെ അതുവാങ്ങി സന്തുഷ്ടനായി നടകൊണ്ടു. കബീർ പ്രസന്നമുഖനായി തൻെറ ഗൃഹത്തിലേക്കു മടങ്ങി. "ഇന്നത്തെ കച്ചവടത്തിൽ കിട്ടിയതുപോലെ അത്ര മഹത്തായ ലാഭം എനിക്കു മറെറാരു ദിവസവും കിട്ടുകയുണ്ടായിട്ടില്ല. ഒരു രാത്രി അത്താഴമി

ല്ലെങ്കിൽത്തന്നെ എന്താണു്? സൽപാത്രത്തിൽ ദാനംചെയ്ക എന്ന ഉന്നതമായ പുണ്യം ലഭിക്കുന്നതു ഭാഗ്യംതന്നെ. ഞാൻ വെറുംകയ്യോടെ ചെല്ലുമ്പോൾ അച്ഛനമ്മമാർ പരിഭവിക്കുമോ? ഇല്ല; എൻെറ വിനീതമായ സാന്ത്വനങ്ങൾകൊണ്ടു് അവർ സന്തോഷിക്കാതിരിക്കയില്ല.'' എന്നിങ്ങനെ ഓരോന്നു വിചാരിച്ചുകൊണ്ടാണു് ആ ഭക്തനായ ബാലൻ നടന്നിരുന്നതു്.

ഈ സമയത്തു കബീറിൻെറ ചെറുഗൃഹത്തിൽ ചില വിശേഷസംഭവങ്ങളുണ്ടായി. ഏതോ സഞ്ചാരിയായ ഒരു കച്ചവടക്കാരൻ ''കണക്കെന്യേ ആഹാരാദിവസ്തുക്കൾ'' ചുമട്ടുകാരെക്കൊണ്ടെടുപ്പിച്ചു് ആ മന്ദിരത്തിൽ വന്നുകയറി. ''കബീർദാസിൻെറ മാതാപിതാക്കളല്ലേ നിങ്ങൾ? നിങ്ങൾ ഭാഗ്യവാന്മാർ തന്നെ. ഈ സാധനങ്ങളിൽനിന്നു നിങ്ങൾക്കു് ഇഷ്ടമുള്ളതേതോ അതെല്ലാം എടുക്കാം.'' എന്നിങ്ങനെ ആ കച്ചവടക്കാരൻ അപേക്ഷിച്ചു. ''വേണ്ട, ഞങ്ങൾക്കു് ഒന്നും വേണ്ട. നേരം വളരെ വൈകിയല്ലോ. അരിയും കറിക്കുള്ള സാധനങ്ങളുംകൊണ്ടു കബീർ ഇപ്പോൾ വരും. വേലചെയ്തു കിട്ടുന്ന കൂലികൊണ്ടല്ലാതെ നിത്യവൃത്തി കഴിച്ചുകൂട്ടുന്നതു് അവന്നിഷ്ടമില്ല. അന്യരുടെ ഔദാര്യം സ്വീകരിക്കുന്നതു് അവന്നു നീരസജനകമാണു്. അവന്നു് അനിഷ്ടമായിട്ടു യാതൊന്നും ഞങ്ങൾ ചെയ്കയുമില്ല. അങ്ങയ്ക്കു് ഇവയെല്ലാം ദാനംചെയ്യേ കഴിയൂ എങ്കിൽ ഈ പട്ടണത്തിൽ വേറെ എത്രയോ സാധുക്കളുണ്ടു്. അവർക്കു യഥേഷ്ടം നല്കിക്കൊള്ളുക.'' എന്നു് അവർ മറുപടി പറഞ്ഞു.

"അതെ, നിങ്ങളുടെ പുത്രനായ കബീർ സമ്പാദിച്ചതുതന്നെയാണു് ഈ വസ്തുക്കളെല്ലാം. അവൻ കൊടുത്തയച്ചപ്രകാരം ഞാൻ ഇതൊക്കെ ഇവിടെ എത്തിച്ചു എന്നേയുള്ളു." എന്നും പറഞ്ഞു് ആ സാധനങ്ങളെല്ലാം അവിടെ ഇട്ടുംവെച്ചു് ആ വണിക്കു് എങ്ങോ പോയി അപ്രത്യക്ഷനായി.

അപ്പോഴക്കും ചന്തയിലേക്കു പോയിരുന്ന കബീർ വെറുംകയ്യോടെ അവിടെ വന്നുചേൎന്നു. തന്റെ അച്ഛനമ്മമാൎക്കു് അന്നു് അത്താഴമില്ലല്ലോ എന്ന കുണ്ഠിതത്തോടെ വന്നണഞ്ഞ അവൻ അവിടെ കണ്ട കാഴ്ച എന്തായിരുന്നു! "കുന്നുപോൽപൊന്നും നെല്ലുവന്നവും കറികളും" അവിടെ കൂടിക്കിടക്കുന്നു. അഹോ! എന്തൊരാശ്ചൎയ്യം! "ഇവയെല്ലാം എങ്ങനെ ഉണ്ടായി?" എന്നു് അവൻ ചോദിച്ചപ്പോൾ, "നീ ഇതെല്ലാം എങ്ങനെ സമ്പാദിച്ചു, മകനേ?" എന്നു മാതാപിതാക്കന്മാർ അവനോടും ചോദിച്ചു. ഒടുവിൽ കാൎയ്യത്തിന്റെ യാഥാൎത്ഥ്യം ഗ്രഹിച്ചപ്പോൾ മൂവരും സന്തോഷിച്ചു മംഗലസ്വരൂപനായ ഈശ്വരനെ വാഴ്ത്തിസ്തുതിച്ചു. കബീർ അപ്പോൾതന്നെ പുറത്തിറങ്ങി സമീപവാസികളായ സാധുക്കളെയെല്ലാം ക്ഷണിച്ചുകൊണ്ടുവന്നു് ആ സാധനങ്ങൾ ഒന്നൊഴിയാതെ അവൎക്കു ദാനംചെയ്തു. തങ്ങളുടെ അന്നത്തെ ആഹാരത്തിന്നുള്ളതുമാത്രം അവൻ സ്വീകരിക്കയും ചെയ്തു. പിറേറദിവസംമുതൽ അവൻ പതിവുപോലെ വസ്ത്രം നെയ്തുവിററു നിത്യവൃത്തി സമ്പാദിച്ചുവന്നു. ഇതിൽനിന്നു കബീരിന്റെ സ്വഭാവമാഹാത്മ്യം നമുക്കു് ഊഹിക്കാവുന്നതാണല്ലോ. വേലചെ

ഷ്ടു് ഉപജീവനം കഴിക്കുന്നതാണു്, അന്യരുടെ ഔദാ
ര്യത്തിൽ ജീവിക്കുന്നതേക്കാൾ മാന്യമായിട്ടുള്ളതെ
ന്നാണു് അദ്ദേഹത്തിൻെറ മതം. അന്നന്നേക്കുള്ളത
ല്ലാതെ കൂടുതൽ സമ്പാദിക്കുന്നതുപോലും അദ്ദേഹ
ത്തിന്നിഷ്ടമല്ല.

കബീരിൻെറ ഹൃദയം സദാ ഈശ്വരചിന്തക
ളാൽ നിറയപ്പെട്ടിരുന്നു. ജാതി, മതം, വർഗ്ഗം എന്നീ
വ്യത്യാസങ്ങളെ അദ്ദേഹം ഗണിച്ചിരുന്നില്ല. അദ്ദേ
ഹം ഒരു സത്യാന്വേഷിയായിരുന്നു. സത്യാന്വേഷി
കളുടെ സഞ്ചാരമാർഗ്ഗം എപ്പോഴും സുഗമമായിരിക്ക
യില്ല. ലൌകികമായ അസംഖ്യം ക്ലേശങ്ങളും പ്രയാ
സങ്ങളും അവർ അനുഭവിക്കേണ്ടിവരും. ചില
പ്പോൾ സമുദായത്തിൻെറ ക്രോധത്തിന്നു പാത്രമാക
യും ശിക്ഷകൾ അനുഭവിക്കേണ്ടതായി വരികയും
ചെയ്യും. കബീരിൻെറ ജീവിതവും ഇതിൽനിന്നു്
ഒട്ടും വിഭിന്നമല്ല. തൻെറ പാവപ്പെട്ട കുടുംബം
പുലർത്തുന്നതിന്നുവേണ്ടിത്തന്നെ അദ്ദേഹം വളരെ
പ്രയാസപ്പെടുകയും കായക്ലേശം സഹിക്കുകയും
ചെയ്തിട്ടുണ്ടു്. ഈശ്വരഭക്തനും സത്യസന്ധനു
മായ കബീരിനേയും സമുദായം ദ്രോഹിക്കാതിരു
ന്നില്ല. അദ്ദേഹത്തിലുള്ള സ്വഭാവഗുണങ്ങൾതന്നെ
യാണു ശത്രുക്കൾക്കു് അസഹ്യമായ ദോഷങ്ങളായി
തോന്നിയതു്. വൈരികൾ, കുററക്കാരനെന്ന നി
ലക്കു് അദ്ദേഹത്തെ ചക്രവർത്തിയായ സിക്കന്തർ
ലോഡിയുടെ മുമ്പാകെ കൊണ്ടുചെന്നു. അനേകം കു
ററങ്ങൾ അദ്ദേഹം ചെയ്തിട്ടുള്ളതായി ശത്രുക്കൾ ചക്ര
വർത്തിയെ ബോധിപ്പിച്ചു. പക്ഷെ ഭാഗ്യവശാൽ,

അദ്ദേഹത്തെ വിസ്തരിച്ച ന്യായാധിപൻ വിശാല ഹൃദയനും, ബുദ്ധിശാലിയുമായിരുന്നതുകൊണ്ടു് അദ്ദേഹത്തെ ശിക്ഷകൂടാതെ വിട്ടയച്ചു. കബീർ വധശിക്ഷക്കു് അർഹനാണെന്നായിരുന്നു വൈരികളുടെ വാദം.

കബീർ കുറെക്കാലം രാമാനന്ദൻ എന്നൊരു ആചാര്യന്റെ ശിഷ്യനായിരുന്നിട്ടുണ്ടു്. അക്കാലത്തും അദ്ദേഹം തന്റെ തൊഴിൽ ഉപേക്ഷിക്കയുണ്ടായില്ല. ദിവസേന വസ്ത്രങ്ങൾ നെയ്തു മിതമായ വിലക്കു വിററ് അന്യാശ്രയംകൂടാതെ ദിവസവൃത്തി കഴിച്ചുവന്നു. കബീർ ഹിന്തുവായിരുന്നു എന്നു വാദിക്കുന്നവൎക്കു്, അദ്ദേഹം രാമാനന്ദന്റെ ശിഷ്യനായിരുന്നു എന്ന സംഗതി ഒരു പ്രധാന തെളിവായി തീൎന്നിട്ടുണ്ടു്. ഹിന്തുക്കളേയും മുസൽമാന്മാരെയും അദ്ദേഹം ആദരിക്കയും സ്നേഹിക്കയും ചെയ്തിരുന്നു. മതത്തിലൂടെയല്ല അദ്ദേഹം ഈശ്വരനെ ദശിച്ചിരുന്നതു്. മനുഷ്യസമുദായത്തെ ഒന്നാകെ ഒരു ജാതിയായും ഒരു മതമായും അദ്ദേഹം കരുതി. അങ്ങനെയുള്ള മനുഷ്യവൎഗ്ഗത്തിന്റെ ഈശ്വരനെയാണു് അദ്ദേഹം ആരാധിച്ചിരുന്നതു്. എല്ലാം മനുഷ്യരിലും ഈശ്വരചൈതന്യം കളിയാടുന്നുണ്ടെന്നും, തന്നിലുള്ള ആ ദിവ്യശക്തിയെക്കാണ്മാൻ മനുഷ്യനു സാദ്ധ്യമാകാത്തതു് അവൻ മായാമോഹത്തിൽ പെട്ടു കിടക്കുന്നതുകൊണ്ടാണെന്നും, യഥാൎത്ഥഭക്തന്മാൎക്കു് ഈശ്വരദശനം തന്നിൽതന്നെ സുകരമാണെന്നും ആ ഭക്തവൎയ്യൻ വിശ്വസിക്കുന്നു.

"എന്നെന്നീയെങ്ങു തിരയുന്നിതു നിന്നി_

ലെന്നും സ്ഥിതിചെയ്വൂ ഞാനെൻ ദാസ.

*   *   *   *

*   *   *

നീയൊരു സത്യാർത്ഥിയാകിലുടൻതന്നെ
മായം വിട്ടെന്നെ നീ ദർശിച്ചീടും
വേണ്ടാ വളരെനാളല്പനേരംകൊണ്ടു
കണ്ടീടുമെന്നെ നീ ഭക്തനാകിൽ.
സന്യാസിമാരോടു ചോദിച്ചിടേണ്ട നീ
സർവ്വേശ്വരൻെറ ഭവനം കാണ്മാൻ.

*   *   *   *   *

ദൈവം ചരാചരപ്രാണനല്ലോ.''

എന്നാണ് അദ്ദേഹം തന്നോടെന്നപോലെ പറയുന്നതു്. അന്ത്യകാലം സമീപിച്ചപ്പോൾ അദ്ദേഹം കാശിയിൽനിന്നു മഘാറിലേക്കു പുറപ്പെട്ടു. അവിടെയെത്തി വളരെ ദിവസം കഴിയുംമുമ്പെ കബീർ ശാശ്വതപദം പ്രാപിച്ചു. അദ്ദേഹത്തിൻെറ മൃതശരീരം സംസ്കരിക്കുന്നതിന്നു ഹിന്ദുക്കളും മുസൽമാന്മാരും സന്നദ്ധരായത്രേ. വിഭിന്നമതസ്ഥരായ ഈ രണ്ടുകൂട്ടർക്കും കബീരിൻെറ നേരെ അത്രമാത്രം ഭക്തിയും ആദരവും നിർവ്യാജമായ സ്നേഹവുമുണ്ടായിരുന്നു.

---

# വിവേകാനന്ദസ്വാമികൾ.

---

ക്രിസ്തുവർഷം 1863-ലാണു വിവേകാനന്ദസ്വാമികൾ ഭൂജാതനായതു്. കൽക്കത്തയാണ് അദ്ദേഹത്തിൻെറ ജന്മദേശം. ആദ്യകാലത്തു് അദ്ദേഹത്തിൻെറ പേർ നരേന്ദ്രനാഥൻ എന്നായിരുന്നു. ധാരാ

ളം സമ്പാദ്യമുള്ള ഒരു വക്കീലായിരുന്നു അദ്ദേഹത്തിന്റെ അച്ഛനായ വിശ്വനാഥദത്തൻ. വമ്പിച്ച ധനസ്ഥിതിയും സ്വാധീനബലവും ഉണ്ടായിരുന്നതുമൂലം, വിശ്വനാഥദത്തനോട്ട് അസൂയ തോന്നിയിരുന്നവർ പലരുമുണ്ടായിരുന്നു. ബാല്യകാലത്തു നരേന്ദ്രനാഥൻ വളരെ ഉപദ്രവിയായ ഒരു വികൃതിക്കുട്ടിയായിരുന്നു. തന്മൂലം അവന്റെ അമ്മക്ക് അവനോടു വളരെ വെറുപ്പുതോന്നി. ബാലന്റെ കളിച്ചങ്ങാതികളും അസാധാരണമട്ടിലുള്ളവരായിരുന്നു. ആട്, പശു, പ്രാവ്, മയിൽ, ചുണ്ടെലി മുതലായ ജീവികളൊന്നിച്ചു കളിക്കുവാനാണ് അവനിഷ്ടം.

ഏഴുവയസ്സായപ്പോൾ അമ്മയച്ഛന്മാർ നരേന്ദ്രനെ പാഠശാലയിലേക്കയച്ചു. അവിടെ, സഹപാഠികളായ ചങ്ങാതിമാരുടെ തലവനായിത്തീരുവാൻ അവന്നു് ഒട്ടും താമസം വേണ്ടിവന്നില്ല. അവർ ഭയപ്പെട്ടു പിന്മാറുന്ന കാര്യങ്ങളിൽ നരേന്ദ്രനാഥൻ ധൈര്യത്തോടെ കുതിച്ചുകയറും. അവർക്കു സ്വപ്നത്തിൽപോലും ചെയ്യുവാൻ കഴിയാത്ത സംഗതികൾ ആ ധീരബാലൻ നിഷ്പ്രയാസം ചെയ്തുകളയും. തന്റെ ആരോഗ്യത്തെപ്പററി അവൻ വളരെ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടു ദേഹത്തിന്നു് ആയാസം നല്കുന്ന കളികളിൽ ഏപ്പെടുന്നതു് അവന്നു വളരെ ഇഷ്ടമായിരുന്നു. ഗുസ്തിപിടുത്തവും, ലാത്തിപ്രയോഗവും അവൻ അഭ്യസിച്ചു. പാചകവിദ്യയും അവൻ എളുപ്പത്തിൽ ഗ്രഹിച്ചു. അനന്തരം അവൻ സംഗീതംപഠിക്കുകയും തന്റെ ഗാനമാധുരികൊണ്ടു കൽക്കത്താനഗരം മുഴുവൻ പ്രഖ്യാതനാകയും ചെയ്തു.

ഇക്കാലത്തു നരേന്ദ്രൻ മെട്രിക്കുലേഷൻ പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ വിജയംനേടി. ഈ സംഭവം അവന്റെ മാതാപിതാക്കൾക്കു് ആനന്ദവും ഗുരുനാഥന്മാർക്കു് അത്ഭുതവും ഒന്നുപോലെ ഉളവാക്കി. അനന്തരം നരേന്ദ്രൻ ഉന്നതവിദ്യാഭ്യാസം ആരംഭിച്ചു.



വിശ്വനാഥദത്തനു തന്റെ പുത്രനെ സംബന്ധിച്ചു പല ആശകളുമുണ്ടായിരുന്നു; ഐ. സി. എസ്. പരീക്ഷക്കായി അവനെ ഇംഗ്ലണ്ടിലേക്കയക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം; പക്ഷേ നരേന്ദ്രനാഥനു തന്റെ ജീവിതത്തെപ്പററി സ്വ-

ത്തമായ ഉദ്ദേശങ്ങളുണ്ടായിരുന്നു. ഒരു വക്കീലോ അദ്ധ്യാപകനോ മററൊ ആകുവാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്നും, അസാധാരണമായ എന്തെങ്കിലും പ്രവൎത്തിക്കുവാനാണു താൻ ഇച്ഛിക്കുന്നതെന്നും അവൻ പലപ്പോഴും തന്റെ സ്നേഹിതന്മാരോടു പറയാറുണ്ട്.

ഇക്കാലത്തു അവന്റെ ജീവിതത്തിൽ ഒരു പുതിയ മാററം വന്നുചേരുന്നതിന്നുള്ള ലക്ഷണങ്ങാ കണ്ടുതുടങ്ങി. നരേന്ദ്രനാഥന്റെ മുത്തശ്ശി ബാഹ്യലോകത്തെ ഉപേക്ഷിച്ച് ഒരു സന്യാസിനിയായി ജീവിതം നയിക്കുന്നുണ്ടായിരുന്നു. ആ സ്ത്രീരത്നത്തിന്റെ സ്വാധീനശക്തിക്കു വഴിപ്പെട്ട നരേന്ദ്രൻ, സന്യാസജീവിതത്തിൽ ക്രമേണ തൽപരനായിത്തീൎന്നു. തന്മൂലം അദ്ദേഹം മതഗ്രന്ഥങ്ങാ വായിക്കുന്നതിന്നും ചില വ്രതങ്ങാ അനുഷ്ഠിക്കുന്നതിന്നും തുടങ്ങി. മാംസഭക്ഷണം എന്നല്ല എല്ലാവിധ സുഖഭോഗങ്ങളും അദ്ദേഹം പരിത്യജിച്ചു. ചിന്തയിലും ധ്യാനത്തിലുമാണ് അധികസമയവും അദ്ദേഹം ചിലവഴിച്ചതു്.

ക്രമേണ സന്യാസിമാരേയും യോഗിമാരേയും സന്ദൎശിക്കുക എന്നതു് അദ്ദേഹത്തിന്നു സന്തോഷകരമായ ഒരു പതിവായിത്തീൎന്നു. അക്കാലത്താണു് അദ്ദേഹം ബ്രഹ്മസമാജത്തിലെ ഒരംഗമായിച്ചേൎന്നതു്. അവിടെവെച്ചു മഹൎഷി ദേവേന്ദ്രനാഥടാഗോറുമായി പരിചയപ്പെടുവാൻ അദ്ദേഹത്തിന്നിടയായി. ഒരു ദിവസം നരേന്ദ്രൻ മഹൎഷി ടാഗോറിനോടു് അദ്ദേഹം ഈശ്വരനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. എന്നാൽ, അതിന്നു മഹൎഷിയുടെ മറുപടി അദ്ദേഹത്തിന്നു തൃപ്തികരമായി തോന്നിയില്ല.

അക്കാലത്തുതന്നെ അദ്ദേഹം സ്വാമി രാമകൃഷ്ണ പരമഹംസനെപ്പററി കേട്ടിരുന്നു. അങ്ങനെയിരിക്കെ, ഒരിക്കൽ പരമഹംസൻ കൽക്കത്തയിലുണ്ടായിരുന്ന ഘട്ടത്തിൽ നരേന്ദ്രൻ അദ്ദേഹത്തെ സന്ദർശിച്ചു. ആ രണ്ടു മഹാന്മാർ തമ്മിൽ രസകരമായ ഒരു സംഭാഷണം നടന്നു.

നരേന്ദ്രൻ:—"അങ്ങുന്നു് ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നുണ്ടോ?"

സ്വാമികൾ:—"ഉവ്വ്."

ന:—"അങ്ങക്കു് അതു തെളിയിക്കുവാൻ കഴിയുമോ?"

സ്വാ:—"ഉവ്വ്"

ന:—"എങ്ങിനെ?"

സ്വാ:—"ഞാൻ നിങ്ങളെ ഇവിടെ എൻെറ മുമ്പിൽ കാണുംപോലെ അത്ര സ്പഷ്ടമായി ഈശ്വരനെ ദശിക്കുന്നുണ്ടു്."

ന:—"എന്നാൽ അങ്ങുന്നു ദയവായി എനിക്കും ഈശ്വരനെ ഒന്നു കാണിച്ചുതരുമോ?"

സ്വാ:—"നിങ്ങൾ തനിയെ ദക്ഷിണേശ്വരത്തിലേക്കു വരുന്നതായാൽ ഞാൻ അങ്ങനെ ചെയ്യാം."

ശ്രീരാമകൃഷ്ണപരമഹംസൻ സാധാരണ താമസിക്കാറുള്ള സ്ഥലമാണു ദക്ഷിണേശ്വരം. നരേന്ദ്രൻ പിന്നീടു പലപ്പോഴും അവിടെക്കു പോകയുണ്ടായി. നരേന്ദ്രനെ ആദ്യമായി കണ്ടപ്പോൾതന്നെ അദ്ദേഹം ഒരു മഹാനായ മതാചാര്യനായിത്തീരുമെന്നു സ്വാമികൾ വ്യക്തമായി ഗ്രഹിച്ചുവത്രെ. തന്നിമിത്തം അദ്ദേഹം ഈശ്വരസേവനാത്ഥം ഒരു സന്യാസിയായി കാണുവാൻ സ്വാമികൾ ആഗ്രഹിച്ചിരുന്നു.

ഒരിക്കൽ കുറെ ആഴ്ചവട്ടത്തോളം നരേന്ദ്രൻ സ്വാമികളുടെ ആശ്രമത്തിൽ പോകയുണ്ടായില്ല. അതുകൊണ്ടു സ്വാമികൾ അദ്ദേഹത്തെ അന്വേഷിച്ചു കൽക്കത്തയിലേക്കു പുറപ്പെട്ടു. അവിടെ ഒരു ക്ഷേത്രത്തിൽവെച്ചു്, പരമഹംസൻ അദ്ദേഹത്തെ കണ്ടെത്തി. "നരേന്ദ്ര, നരേന്ദ്ര," എന്നിങ്ങനെ സ്വാമികൾ ഉച്ചത്തിൽ നിലവിളിച്ചു. അവിടെയുണ്ടായിരുന്ന പലക്കും, സ്വാമികൾ ഒരു ഭ്രാന്തനാണെന്നു തന്നെ തോന്നി; പക്ഷെ നരേന്ദ്രനുമാത്രം അങ്ങനെ തോന്നിയില്ല. ക്രമേണ നരേന്ദ്രനാഥൻ ശ്രീരാമകൃഷ്ണ പരമഹംസരുടെ ഒരു ശിഷ്യനായിത്തീന്നു.

20-ാമത്തെ വയസ്സിൽ നരേന്ദ്രനാഥൻ ബി. എ. പരീക്ഷ പാസ്സായി; അനന്തരം അദ്ദേഹം നിയമപാഠനം ആരംഭിച്ചു. കൽക്കത്താനഗരത്തിന്നു സമീപത്തുള്ള ഒരു ഗ്രാമത്തിൽ താമസിച്ചിരുന്ന തന്റെ ഒരു സ്നേഹിതനെ സന്ദശിക്കുന്നതിന്നുവേണ്ടി ഒരു ദിവസം അദ്ദേഹം അങ്ങോട്ടുപോയി. അവിടെ സ്നേഹിതനൊന്നിച്ചു സ്വൈരസംഭാഷണംചെയ്തു സന്തോഷത്തോടെ ഇരിക്കുമ്പോഴാണു്, തന്റെ അച്ഛൻ മരിച്ചതായി ഒരു ദൂതൻ വന്നു നരേന്ദ്രനെ അറിയിച്ചതു്. അത്യന്തം ദുഃഖിതനായ നരേന്ദ്രൻ ഉടനെ വീട്ടിലേക്കു പുറപ്പെട്ടു. തന്റെ അച്ഛൻ വരവിലധികം ചിലവുചെയ്തു ജീവിക്കയായിരുന്നു എന്നും, ഇപ്പോൾ കുറെ കടമാണു് അദ്ദേഹത്തിന്റെ വകയായി ബാക്കിയുള്ളതെന്നും പിന്നീടാണു നരേന്ദ്രനു മനസ്സിലായതു്. അവരുടെ കുടുംബം താമസിച്ചിരുന്ന ഗൃഹംപോലും അവരുടെ സ്വന്തമല്ല. കാൎയ്യങ്ങളെല്ലാം ഒരുവിധം

ശരിപ്പെടുത്തുന്നതിന്നു് അദ്ദേഹം വളരെ ഉത്സാഹിക്കുകയും കുറെയൊക്കെ സാധിക്കുകയും ചെയ്തു. താൻ ഏതെങ്കിലും ഒരു ജോലിയിൽ പ്രവേശിച്ചല്ലാതെ കുടുംബച്ചിലവു നടത്തിക്കൊണ്ടു പോകുന്നതു സാദ്ധ്യമല്ലെന്നു തോന്നുകയാൽ അദ്ദേഹം അതിന്നുവേണ്ടി പ്രയത്നിച്ചു തുടങ്ങി. എത്രതന്നെ പരിശ്രമിച്ചിട്ടും അദ്ദേഹത്തിന്നു് ഒരു ജോലി കിട്ടിയില്ല. ഈ വക വിഷമതകളെല്ലാംകൂടി അദ്ദേഹത്തെ തീരെ ഈശ്വരവിശ്വാസമില്ലാത്തവനാക്കിത്തീർത്തു.

"എല്ലാവരും പറയുന്നുണ്ടു്, ഈശ്വരൻ കാരുണ്യവാനാണെന്നു്. അതങ്ങിനെയാണെങ്കിൽ അവിടുന്നു് എന്തുകൊണ്ടു പാവങ്ങളേയും കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നില്ല?" എന്നാണു് അദ്ദേഹം ശങ്കിച്ചതു്. എങ്കിലും ശ്രീരാമകൃഷ്ണപരമഹംസരുടെ സഹവാസംകൊണ്ടു വീണ്ടും അദ്ദേഹത്തിൽ ഈശ്വരവിശ്വാസം വളൎന്നുവന്നു. ക്രമേണ അദ്ദേഹത്തിന്നു ജോലിയും കിട്ടി; തന്മൂലം അമ്മയേയും അനുജന്മാരേയും സംരക്ഷിക്കുവാനുള്ള കഴിവുണ്ടായി. പക്ഷെ അത്തരത്തിലുള്ള ഒരു ജീവിതം നയിക്കുക എന്നുള്ളതല്ല തന്റെ ജന്മോദ്ദേശം എന്നൊരു തോന്നൽ എല്ലാസമയത്തും അദ്ദേഹത്തിൽ വേരൂന്നിക്കൊണ്ടിരുന്നു. പരമഹംസരുമായുള്ള സമ്പൎക്കം വൎദ്ധിക്കുംതോറും ഈ വിചാരം അദ്ദേഹത്തിൽ ബലപ്പെട്ടുവന്നു. ഒടുവിൽ അദ്ദേഹം ലൌകികജീവിതം തീരെ ഉപേക്ഷിച്ചു്, ഗുരുവിന്റെ പാദശുശ്രൂഷചെയ്തു് കാഷായവസ്ത്രം ധരിച്ചു ഒരു സന്യാസിയായി ജീവിതം ആരംഭിച്ചു.

പക്ഷെ അതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല.

ആശ്രമത്തിൽ അടങ്ങിയൊതുങ്ങിയുള്ള ജീവിതവും കയ്യിൽ ഭിക്ഷാപാത്രവും വടിയും ഏന്തിക്കൊണ്ടുള്ള ഭിക്ഷാടനവും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അധികം താമസിയാതെ അദ്ദേഹം അതു ഉപേക്ഷിക്കതന്നെ ചെയ്തു. തൻെറ ആഹാരത്തിന്നുവേണ്ടി ഭിക്ഷ യാചിക്കുകയില്ലെന്നും, ആവശ്യപ്പെടാതെ കിട്ടുന്നതുമാത്രം സ്വീകരിക്കുമെന്നും അദ്ദേഹം നിശ്ചയിച്ചു. കാടുകളും നാടുകളും അദ്ദേഹം ചുററിസ്സഞ്ചരിച്ചു. ചിലപ്പോഠം വഴിയമ്പലങ്ങളിലും ചിലപ്പോഠം മരത്തണലുകളിലുമാണു് അദ്ദേഹം ഉറങ്ങിയിരുന്നതു്.

ഒടുവിൽ അദ്ദേഹം കാശിയിൽ ചെന്നെത്തി; കുറെക്കാലം അവിടെ കഴിച്ചുകൂട്ടി. ഒരു ദിവസം അദ്ദേഹം സന്ധ്യാവന്ദനം കഴിഞ്ഞു് ഒരു ക്ഷേത്രത്തിൽനിന്നു പുറത്തു വന്നപ്പോഠം ഒരു കൂട്ടം കുരങ്ങന്മാർ അദ്ദേഹത്തിൻെറ പിന്നാലെ ഓടിച്ചെന്നു. എന്തു ചെയ്യണമെന്നറിയാതെ അദ്ദേഹം ഓട്ടംതുടങ്ങി. ഇതു കണ്ടുകൊണ്ടു മറെറാരു സന്ന്യാസി ആ വഴിക്കെതിരെ വരുന്നുണ്ടായിരുന്നു. "ഓടരുതു്; അവക്കെതിരായി അവിടെ നില്ക്കൂ; അപ്പോഠം അവ ഓടിപ്പോയ്ക്കൊളും." എന്നു അദ്ദേഹം പറഞ്ഞു. വിവേകാനന്ദസ്വാമികഠം അങ്ങനെ ചെയ്തപ്പോഠം വാനരന്മാർ ഓരോന്നായി പോയി മറഞ്ഞു. ആ സന്ന്യാസിയിൽനിന്നു പുതിയൊരു പാഠം പഠിക്കുവാൻ കഴിഞ്ഞുവല്ലോ എന്നു കരുതി സ്വാമികഠം അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു നമസ്കരിച്ചു. ഏഴു കൊല്ലത്തോളം ദീർഘിച്ച ഈ സഞ്ചാരങ്ങഠംക്കിടയിൽ അദ്ദേഹത്തിന്നു വളരെ സംഗതികഠം അനുഭവപ്പെടുകയും അവ

യിൽനിന്നു പലതും അദ്ദേഹം പഠിക്കുകയും ചെയ്തു. ഇക്കാലങ്ങൾക്കിടയിൽ അദ്ദേഹം ഇന്ത്യയിലെ മിക്കസ്ഥലങ്ങളും സന്ദർശിക്കുകയും പല തരക്കാരും പല നിലക്കാരുമായ ജനങ്ങളുമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. ദരിദ്രന്മാരും ധനവാന്മാരും തമ്മിലും പതിതന്മാരും കുലീനന്മാരും തമ്മിലും താഴ്ന്ന ജാതിക്കാരും ഉയൎന്ന ജാതിക്കാരും തമ്മിലും യാതൊരു വ്യത്യാസവും അദ്ദേഹം കാണുകയുണ്ടായില്ല. ചിലപ്പോൾ അദ്ദേഹം രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും അതിഥിയായിരുന്നു. ചിലപ്പോൾ പാവങ്ങളുടെ കുടിലുകളിലും അദ്ദേഹം താമസിച്ചു. ഇന്ത്യയുടെ എല്ലാം ഭാഗങ്ങളിലും ചുററിസ്സഞ്ചരിക്കുവാൻ സാധിച്ചതിൽ അദ്ദേഹം സ്വയം കൃതാൎത്ഥനായി.

കന്യാകുമാരിയിൽവെച്ച് അദ്ദേഹം തന്നെത്താൻ ഇങ്ങനെ പറയുകയുണ്ടായി:—"നീ നിന്റെ മാതൃഭൂമിയുടെ ബലിപീഠത്തിൽ ഒരു ബലിവസ്തുവായിട്ടാണു ജനിച്ചിരിക്കുന്നതു്. താഴ്ന്ന ജാതിക്കാരും, അജ്ഞന്മാരും, ദരിദ്രന്മാരും, ചെരുപ്പുകുത്തിയും, അടിച്ചുവാരുന്നവനും നിന്റെ മാംസവും രക്തവുമാണെന്നു നീ മറന്നുകളയരുതു്. ഒരു ഭാരതീയനാണു് എന്നതിൽ നീ അഭിമാനം കൊള്ളുകയും അഭിമാനത്തോടെ ഇങ്ങനെ ഉൽഘോഷിക്കുകയും ചെയ്യുക—ഞാൻ ഒരു ഭാരതീയൻ; ഓരോ ഭാരതീയനും എന്റെ സഹോദരൻ. അജ്ഞനായ ഭാരതീയനും, ദരിദ്രനും നിൎഭാഗ്യവാനുമായ ഭാരതീയനും, ബ്രാഹ്മണനായ ഭാരതീയനും, പറയനായ ഭാരതീയനും എന്റെ സഹോദരനാണു്. ഭാരതഭൂമിയാണു് എന്റെ

സർവ്വോത്തമമായ സ്വർഗ്ഗം. ഭാരതത്തിന്റെ നന്മയാണു് എനിക്കു് ഏററവും വലിയ നന്മ.—"

വിദേശങ്ങളിലേക്കു പോകുന്നതിന്നും അദ്ദേഹം ഇച്ഛിച്ചുകൊണ്ടാണു് ഇരുന്നിരുന്നതു്. അങ്ങിനെയിരിക്കെ അക്കാലത്തു ചിക്കാഗോ നഗരത്തിൽവെച്ചു കൂടുവാൻ നിശ്ചയിച്ചിരുന്ന സർവ്വമതപാർലിമെണ്ടിലേക്കു ഹിന്തുമതത്തിന്റെ പ്രതിനിധിയായി വിവേകാനന്ദസ്വാമികൾ നിയോഗിക്കപ്പെട്ടു. ഈ പാർലിമെണ്ടിൽ സംബന്ധിക്കുന്നതിന്നായി അദ്ദേഹം 1893-ൽ ഇന്ത്യയിൽനിന്നു് അമേരിക്കയിലേക്കു കപ്പൽകയറി. പോകുംവഴി വേറെയും പല സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം അമേരിക്കയിലെത്തിയപ്പോൾ, അവിടത്തെ ഒരു പ്രൊഫസ്സർ സ്വാമികളുടെ അഗാധമായ ജ്ഞാനത്തെപ്പററിയും യോഗ്യതകളെപ്പററിയും അമേരിക്കൻ ജനതയെ അറിയിച്ചു. ആ പ്രൊഫസ്സർ സർവ്വമതസഭാധ്യക്ഷന്നു സ്വാമികളെപ്പററി ഇങ്ങനെ എഴുതി:— "നമ്മുടെ പ്രാജ്ഞന്മാരായ പ്രൊഫസ്സർമാർ എല്ലാവരേക്കാളും അഭിജ്ഞനായ ഒരു മനുഷ്യൻ ഇവിടെ വന്നിട്ടുണ്ടു്."

പാർലിമെണ്ടു് ആരംഭിച്ചു; ക്രമേണ സ്വാമികൾ പ്രസംഗിക്കുന്നതിന്നുള്ള ഊഴവും വന്നുചേർന്നു. അവിടെ കൂടിയിരുന്ന ഉദ്ദേശം പതിനായിരത്തോളം ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു് ആ മഹാപണ്ഡിതൻ ഇങ്ങനെ ആരംഭിച്ചു:—"അമേരിക്കയിലെ സഹോദരികളേ, സഹോദരന്മാരേ!" ഈ അഭിസംബോധനം, അദ്ദേഹത്തിന്നും ശ്രോതാക്കൾക്കും ത

ത്തിൽ ആദ്ധ്യാത്മികമായ ഒരു വാത്സല്യബന്ധം സ്ഥാപിച്ചു. അദ്ദേഹത്തിൻെറ മുഖത്തുനിന്നു പുറപ്പെട്ട ഓരോ പദവും സദസ്യർ ശ്രദ്ധാപൂർവ്വം ശ്രവിച്ചു. അദ്ദേഹം തൻെറ നീണ്ട പ്രസംഗം ഇങ്ങനെയാണു് അവസാനിപ്പിച്ചതു്:—"പല സ്ഥലങ്ങളിൽനിന്നും ഉത്ഭവിക്കുന്ന അനേകം നദികൾ എല്ലാം സമുദ്രജലത്തിൽ ഒന്നിച്ചു ചേരുംപോലെ, അല്ലയോ ഈശ്വര, വിവിധവാസനകളെ ആസ്പദിച്ചു മനുഷ്യർ സ്വീകരിക്കുന്ന വിവിധമാർഗ്ഗങ്ങൾ, കാഴ്ചക്കു വ്യത്യസ്തങ്ങളായി തോന്നുന്നുണ്ടെങ്കിലും, വക്രങ്ങളോ അവക്രങ്ങളോ ആയിക്കൊള്ളട്ടെ, എല്ലാം അങ്ങയിൽ വന്നുചേരുന്നു."

സ്വാമികളുടെ പ്രസംഗത്തിലെ ഓരോ പദവും കേൾവിക്കാരുടെ ഹൃദയത്തെ സ്പർശിച്ചു. സർവ്വമത പാർലിമെണ്ടിൽ അദ്ദേഹമായിരുന്നു ഏററവും ഉന്നതപുരുഷൻ. അദ്ദേഹം അമേരിക്കയിൽ 18 മാസത്തോളം താമസിച്ചു. ഒരിക്കൽ അത്യധികം ധനികയായ ഒരമേരിക്കൻസ്ത്രീ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു:—"സ്വാമിൻ, ഞാൻ എന്നെ അങ്ങക്കു സമർപ്പിക്കുന്നു. എൻെറ സ്വത്തുക്കൾ അങ്ങക്കു യഥേഷ്ടം വിനിയോഗിക്കാം." പക്ഷെ സ്വാമികൾ ഇങ്ങനേയാണു മറുപടി പറഞ്ഞതു്:—"ഞാൻ ഒരു സന്യാസിയാണു്. ഞാൻ വിവാഹം ചെയ്കയില്ല. എല്ലാ സ്ത്രീകളേയും ഞാൻ അമ്മയെന്നപോലെ വീക്ഷിക്കുന്നു."

അനന്തരം അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി; അവിടെനിന്നു് ഇന്ത്യയിലേക്കു മടങ്ങുകയും ചെയ്തു. ഇന്ത്യക്കാർ അദ്ദേഹത്തെ ഹാർദ്ദമായി സല്ക്കരിച്ചു

സ്വീകരിച്ചു. പോകുന്നിടത്തെല്ലാം രാജകീയസ്വീകരണമാണു് അദ്ദേഹത്തിന്നു സിദ്ധിച്ചതു്. മദിരാശിയിൽ വന്നപ്പോൾ അദ്ദേഹം ഇരുന്നിരുന്ന രഥം ജനങ്ങളാണു വലിച്ചുകൊണ്ടുപോയതു്. അദ്ദേഹത്തോടു് അത്രമാത്രം ഭക്തിയും ആദരവും അവൎക്കുണ്ടായിരുന്നു.

അനന്തരം വിവേകാനന്ദസ്വാമികൾ, ഒരു മഠം സ്ഥാപിക്കുന്നതിന്നു് ഉചിതമായ സ്ഥലം കണ്ടുപിടിക്കുന്നതിന്നായി ഹിമാലയത്തിലേക്കു പോയി. പല സ്ഥലങ്ങളിലും അദ്ദേഹം മഠങ്ങൾ സ്ഥാപിക്കയുണ്ടായിട്ടുണ്ടു്. വേദാന്തസംഘങ്ങളുടെ കേന്ദ്രസ്ഥാനം കൽക്കത്തയ്ക്കടുത്തു ബേലൂരിലായിരുന്നു.

ഈവിധം കഠിനമായി ദേഹാദ്ധ്വാനം ചെയ്കയാൽ അദ്ദേഹത്തിൻെറ ആരോഗ്യത്തിന്നു ഹാനി സംഭവിച്ചു. അനിദ്രയാണു് അദ്ദേഹത്തെ ബാധിച്ച രോഗം. തന്മൂലം വൈദ്യന്മാരുടെ ഉപദേശപ്രകാരം സമുദ്രസഞ്ചാരം ചെയ്യുന്നതിന്നുവേണ്ടി അദ്ദേഹം വീണ്ടും ഇംഗ്ലണ്ടിലേക്കു പോയി. ആ വഴിയെ അദ്ദേഹം അമേരിക്ക, ഫ്രാൻസ്, ആസ്ത്രിയം, തുൎക്കി, ഗ്രീസ്, ഈജിപ്തു് എന്നീ രാജ്യങ്ങളും സന്ദൎശിച്ചു. മടങ്ങുമ്പോൾതന്നെ തൻെറ മരണം സമീപിച്ചിരിക്കുന്നതായി അദ്ദേഹത്തിന്നുതോന്നി. അതുകൊണ്ടു് അദ്ദേഹം തൻെറ സഹപ്രവൎത്തകന്മാരായ സന്യാസിമാരോടു് ഇങ്ങനെ പറഞ്ഞു:— "ഞാൻ ഒരു സംവത്സരത്തിലധികം ഇനി ജീവിച്ചിരിക്കയില്ല. അതുകൊണ്ടു് എനിക്കു് എൻെറ അമ്മയെ ചെന്നു കണ്ടു്, അവരൊന്നിച്ചു പല പുണ്യസ്ഥലങ്ങളും സന്ദൎശിക്കേണ്ടതുണ്ടു്." അപ്രകാരം അദ്ദേഹം പ്രവൎത്തിക്കുകയും ചെയ്തു.

രോഗാധീനനായശേഷവും സ്വാമികൾ മത പ്രസംഗങ്ങൾ ചെയ്ക പതിവാണു്. കൃഷിപ്പണിയിലും മൃഗജീവികളൊന്നിച്ച കളിക്കുന്നതിലും അദ്ദേഹത്തിന്നു വളരെ സന്തോഷമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഓമനയായ ജീവി ഒരാട്ടിൻകുട്ടിയായിരുന്നു. അതു് എവിടേയും അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്ക പതിവാണു്.

തന്റെ മരണാവസരം വളരെ സമീപിച്ചിരിക്കുന്നതായി അദ്ദേഹത്തിന്നു മനസ്സിലായി. 1902 ജൂൻമാസത്തിൽ അദ്ദേഹം സമാധിയടഞ്ഞു. ഗംഗാനദിയുടെ തീരത്തു് ഒരു പ്രത്യേകസ്ഥലത്തു തന്റെ ദേഹം ദഹിപ്പിക്കണമെന്നു് അദ്ദേഹം മുൻകൂട്ടി ശട്ടം കെട്ടിയിരുന്നു. അപ്രകാരം ആ സ്ഥലത്തുതന്നെ അദ്ദേഹത്തിന്റെ മൃതദേഹം ദഹിപ്പിക്കപ്പെടുകയുംചെയ്തു. ഇപ്പോൾ ആ സ്ഥലത്തു് ഒരു ക്ഷേത്രം പണിയപ്പെട്ടിട്ടുണ്ടു്. വെണ്ണക്കല്ലുകൊണ്ടുണ്ടാക്കിയ സ്വാമികളുടെ പ്രതിമ ബലിപീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

---

# അസീസിയിലെ ഫ്രാൻസീസ്.

ക്രിസ്തുവഷം 1182-ൽ, ഇററലിരാജ്യത്തു് അസീസി എന്ന ഗ്രാമത്തിലാണു ഫ്രാൻസീസ് ജനിച്ചതു്. ബർണാർഡനി എന്നാണു് അദ്ദേഹത്തിന്റെ പിതാവിന്റെ പേർ. ഫ്രാൻസീസിന്റെ ജന്മദേശമായതുകൊണ്ടു് അസീസിഗ്രാമം ലോകപ്രസിദ്ധിയുള്ളതായിത്തീൎന്നു. ലോകത്തിൽ പുണ്യാത്മാക്കളായി അ

നേകംപേർ ഉണ്ടെങ്കിലും അവരിൽ ഭൂരിപക്ഷവും പുണ്യവാന്മാരായിട്ടുതന്നെ ജനിച്ചവരല്ല. സാധാരണ ബാലന്മാരെപ്പോലെയും യുവാക്കന്മാരേപ്പോലെയും ജീവിച്ചവരത്രെ. എന്തെങ്കിലും യാദൃച്ഛികസംഭവങ്ങൾ അവരുടെ മനസ്സിൽ ഒരു പുതിയ മാററം വരുത്തുന്നു. ലോകവും ലൌകികസുഖഭോഗങ്ങളും നിലനില്ക്കുന്നവയല്ല എന്ന ബോധം അപ്പോൾ അവരിൽ തെളിഞ്ഞുവരികയും തൽഫലമായി അവരുടെ മനസ്സ പാരത്രികചിന്തകളിലേക്കു തിരികയും ചെയ്യുന്നു. അങ്ങനെയാണു പലരും പുണ്യവാന്മാരായിത്തീരുന്നതു്. ഫ്രാൻസീസിൻെറ ചരിത്രവും ഇതിൽനിന്നു വിഭിന്നമല്ല.

13541

ബർണ്ണാർഡനി ഒരു പട്ടുകച്ചവടക്കാരനായിരുന്നു. ഫ്രാൻസു രാജ്യത്താണു് അദ്ദേഹത്തിൻെറ കച്ചവടം അധികമായി നടന്നിരുന്നതു്. തൻെറ പുത്രൻ ഫ്രഞ്ചുഭാഷ സംസാരിക്കുന്നതിലും എഴുതുന്നതിലും സമത്ഥനാകയും, ഫ്രഞ്ചുകാരുടെ ദേശീയനടവടികളിലും ആചാരങ്ങളിലും പരിചിതനാകയും ചെയ്യുന്നപക്ഷം അവിടത്തെ പ്രഭുജനങ്ങളേയും മററും നേരിട്ടുകണ്ടു സംസാരിച്ചു തൻെറ വാണിജ്യം അഭിവൃദ്ധിപ്പെടുത്താമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടു ബാല്യത്തിൽതന്നെ ഫ്രാൻസീസിനെ ഫ്രഞ്ചുഭാഷയും നടവടികളും മററും അഭ്യസിപ്പിക്കുന്നതിന്നായി വേണ്ട ഏർപ്പാടുകൾ അദ്ദേഹം ചെയ്തു.

വളൎന്നു വരുംതോറും ഫ്രാൻസീസ് ആഡംബരപ്രിയനായിത്തീൎന്നു. മോടിയും ഭംഗിയുമുള്ള വസ്ത്രങ്ങൾ ധരിച്ചു്, വിനോദപ്രിയനായും സുഖിയായും

ആ ബാലൻ കാലയാപനം ചെയ്തുവന്നു. ക്രമേണ അവൻ ആയുധവിദ്യയും കുതിരസ്സവാരിയും വശമാക്കി. എന്നല്ല സാഹസികമായ എല്ലാ വ്യാപാരങ്ങളും അവന്നു വളരെ ഹിതമായി തോന്നി. നയവിനയങ്ങളോടെ ശാന്തമായ മട്ടിൽ പട്ടുകച്ചവടം നടത്തി പണം സമ്പാദിക്കുന്നതിന്നു തനിക്കൊരു സഹായനായിട്ടാണു പിതാവു പുത്രനെ ഉദ്ദേശിച്ചിരുന്നതു്. പക്ഷെ അവന്നു സ്വന്തമായ ചില ഉദ്ദേശങ്ങളാണു് ഉണ്ടായിരുന്നതു്.

അക്കാലത്തു് അസ്സീസിഗ്രാമക്കാരും സമീപത്തു തന്നെയുള്ള പെറൂഗിയാഗ്രാമത്തിലെ നിവാസികളും തമ്മിൽ ഇടയ്ക്കിടെ യുദ്ധങ്ങളുണ്ടാകാറുണ്ടു്. ആയുധപാണിയായി കുതിരപ്പുറത്തുകയറി തൻെറ സഹചരന്മാരൊന്നിച്ചു പെറൂഗിയാക്കാരോടു പടവെട്ടുക എന്നതു ഫ്രാൻസീസിന്നു വളരെ രസകരമായ ഒരു തൊഴിലായിത്തീൎന്നു. അങ്ങനെ പലപ്പോഴും യുദ്ധം ചെയ്തുവരവെ, ഒരിക്കൽ പെറൂഗിയാഭടന്മാർ ഫ്രാൻസീസിനെ തടവുകാരനായി പിടിച്ചുകൊണ്ടുപോയി. തങ്ങളുടെ പരമദ്രോഹിയായ ആ യുവാവിനെ അവർ കല്ലറയിൽ ഇട്ടടച്ചു. ദുഷിച്ചു മലിനമായ ആ തുറുങ്കിനുള്ളിൽ അദ്ദേഹത്തിന്നു് ഒരു കൊല്ലക്കാലം കഴിച്ചുകൂട്ടേണ്ടിവന്നു. അപ്പോഴയ്ക്കും ഇരുഗ്രാമങ്ങളിലെയും പ്രധാനികൾ തമ്മിൽ കൂടിയാലോചനനടത്തി; അവർ തമ്മിൽ ഒരു സന്ധിയുണ്ടായി. തൽഫലമായി ഫ്രാൻസീസിന്നു മോചനം കിട്ടി.

ശരിയായി ആഹാരവും മററുമില്ലാതിരുന്നതുകൊണ്ടും കല്ലറയിലെ ദുഷിച്ച വായുതന്നെ ശ്വസി-

ക്കേണ്ടിവന്നതുകൊണ്ടും സ്വതന്ത്രനായ ഉടനെത്തന്നെ സാഹസികനായ ആ യുവാവിന്നു ശയ്യയെ അവലംബിക്കേണ്ടിവന്നു. രോഗം ക്രമത്തിൽ വദ്ധിച്ചുകൊണ്ടേയിരുന്നു. പുത്രൻ മരിച്ചേയ്ക്കുമോ എന്നുതന്നെ അമ്മയച്ഛന്മാർ ഭയപ്പെട്ടു. അവർ മകനെ ശുശ്രൂഷിച്ചും, രോഗശാന്തിക്കായി ഈശ്വരനോടു പ്രാർത്ഥിച്ചും രാപ്പകൽ അദ്ദേഹത്തിൻെറ അരികെത്തന്നെയിരുന്നു. ദൈവാനുഗ്രഹംകൊണ്ടു ക്രമേണ ദിനം സുഖപ്പെടുകയും ചെയ്തു.

ആരോഗ്യം വീണ്ടും പ്രാപിച്ചതോടുകൂടി ഫ്രാൻസീസു പണ്ടത്തെപ്പോലെ മോടിയായി വസ്ത്രംധരിച്ചു പുറത്തിറങ്ങി സ്വൈരസഞ്ചാരം ചെയ്വാൻ തുടങ്ങി. എന്നാൽ, സാധുത്വവും, ക്ഷമയും, ഉപചാരപൂർവ്വമായ പെരുമാററവും, സ്നേഹമയമായ ഭാവങ്ങളും അദ്ദേഹത്തിൽ കൂടിക്കൂടിവന്നു; എന്നുതന്നെയല്ല അതിമാനുഷമായ ഒരു പ്രകാശവിശേഷം തന്മുഖത്തു നിഴലിയ്ക്കുംപോലെ കാണപ്പെട്ടു. അതുകൊണ്ടു ചങ്ങാതിമാരും മററും മുമ്പത്തേപ്പോലെ ആ യുവാവിനോടു് അത്ര അടുത്തു പെരുമാറുവാൻ ശങ്കിച്ചുതുടങ്ങി. വിജനപ്രദേശങ്ങളിൽ ഏകനായി സഞ്ചരിക്കുന്നതായിരുന്നു ഇക്കാലത്തു ഫ്രാൻസീസിന്നു് അധികം ഇഷ്ടം. തപോധനന്മാരിൽ അഗ്രഗണ്യനാകത്തക്ക ചില പ്രകൃതിവിശേഷങ്ങളുണ്ടു സാഹസപ്രിയനായ ആ യുവാവിൽ സ്ഥാനമുറപ്പിക്കുന്നതെന്നു് അന്നുകാലത്തു് അധികമാരും ധരിച്ചിരുന്നില്ല.

ഒരു ദിവസം ഫ്രാൻസീസ് ഏകനായി പാതയിൽക്കൂടി നടന്നുപോകുമ്പോൾ മദ്ധ്യവയസ്കനായ മ

ററൊരു പുരുഷൻ എതിരെ വരുന്നുണ്ടായിരുന്നു. ആ മനുഷ്യനാകട്ടെ ഈശ്വരഭക്തിയിൽ മികച്ചവനെന്നു് ആ പ്രദേശംമുഴുവൻ സമ്മതിയുള്ളവനായിരുന്നു. അദ്ദേഹം ഫ്രാൻസീസിൻെറ മുഖതേജസ്സു കണ്ടപ്പോഠം ആ യുവാവിൻെറ ഭാവിജീവിതത്തെ ഏതാണ്ടെല്ലാം ഗ്രഹിച്ചു. ‟സമസ്തസൃഷ്ടികഠംക്കു മഹത്തായ ഉപകാരംചെയ്യും, അവരാൽ ബഹുമാനിക്കപ്പെടുകയും ആരാധിക്കപ്പെടുകയുംചെയ്യും ഭാവിയിൽ വിളികൊള്ളുവാനിരിക്കുന്നവൻ" എന്നു പറഞ്ഞുകൊണ്ടു് ആ മനുഷ്യൻ തൻെറ പുറങ്കുപ്പായം ഊരി ഫ്രാൻസീസിൻെറ കാൽക്കീഴെ പാതയിൽ വിരിച്ചുകൊടുത്തു. പക്ഷെ, അതേവരെ കേവലം ലൌകികനായി ജീവിച്ചുവന്ന ആ യുവാവിന്നു തന്നെപ്പററി ആ അപരിചിതൻ പറഞ്ഞതും പ്രവൎത്തിച്ചതും എന്തെന്നു മനസ്സിലായില്ല.

ഒരിക്കൽ ഫ്രാൻസീസ് ഭംഗിയുള്ളതും വിലപിടിച്ചതുമായ വസ്ത്രങ്ങഠം ധരിച്ചു സായാഹ്നസഞ്ചാരം ചെയ്യുമ്പോഠം, വഴിവക്കിൽ വിവശനായിരുന്നു വിറയ്ക്കുന്ന ഒരു വൃദ്ധനെ കണ്ടുമുട്ടി. ആ യുവാവു് അനുകമ്പാകുലനായി അടുത്തുചെന്നു വിവരം ചോദിച്ചപ്പോഠം വൃദ്ധൻ പറഞ്ഞു; ‟ഞാൻ ഒരു പടയാളിയായിരുന്നു. ഒരു കാലത്തു പെറൂഗിയരോടുള്ള യുദ്ധത്തിൽ ഞാനും ധീരസേവനം നടത്തീട്ടുണ്ടു്. ഇപ്പോഴാകട്ടെ ഞാനൊരു പാവപ്പെട്ട പടുകിഴവനായിത്തീൎന്നിരിക്കുന്നു. ഒരു കാലത്തു ചോരത്തിളപ്പോടെയിരുന്ന എൻെറ ശരീരം ഇപ്പോഠം തണുത്തു വിറയ്ക്കുന്നു" ഉടനെ ഫ്രാൻസീസ് തൻെറ വിലപിടിച്ച വസ്ത്രങ്ങഠം ഊ

രി ആ വൃദ്ധനെ ധരിപ്പിച്ച കൃതകൃത്യനായി വീട്ടിലേയ്ക്കു മടങ്ങി.

അന്നു രാത്രി ഫ്രാൻസീസ് ഒരസാധാരണമായ സ്വപ്നംകണ്ടു. കുരിശുമുദ്രയോടുകൂടിയ വലിയ വലിയ യുദ്ധസാമഗ്രികൾ അനവധി ശേഖരിച്ചു വെച്ചിട്ടുള്ള ഒരു കോട്ടമാളികയാണു് അദ്ദേഹം സ്വപ്നത്തിൽ കണ്ടതു്. സന്തോഷഭരിതനായ ഫ്രാൻസീസ് അവയെല്ലാം ആരുടെ വകയാണെന്നു പെട്ടെന്നു ചോദിച്ചുപോയി. അപ്പോൾ അവിടെ പ്രത്യക്ഷനായ മദ്ധ്യവയസ്കനും, ദീർഘകായനും സുന്ദരനുമായ ഒരു പുരുഷൻ, ഇവയെല്ലാം നിനക്കും നിന്റെ സഹചരന്മാരായ പടയാളികൾക്കുമുള്ളവയാണു് എന്നു മറുപടി പറഞ്ഞു. സ്വപ്നത്തിൽ ആയുധങ്ങളും മററു യുദ്ധസാമഗ്രികളും കണ്ടതുകൊണ്ടും, അവയെല്ലാം തനിക്കും തന്റെ കൂട്ടുകാർക്കുമുള്ളവയാണെന്നു പ്രത്യുത്തരം കിട്ടിയതുകൊണ്ടും താൻ ഭാവിയിൽ ഒരു പ്രസിദ്ധ സേനാധിപനായിത്തീരുമെന്നു ഫ്രാൻസീസ് ഉദ്ദേശിച്ചു.

അടുത്ത പ്രഭാതത്തിൽത്തന്നെ അദ്ദേഹം അതിദൂരമല്ലാത്ത മറെറാരുദേശത്തേക്കു പുറപ്പെട്ടു. അവിടത്തെ ഉദാരനായ ഭരണാധികാരിയുടെ സൈന്യത്തിൽ തനിക്കു് ഒരു ഉയന്ന ഉദ്യോഗം ലഭിക്കുമെന്നായിരുന്നു ഫ്രാൻസീസിന്റെ ആശ. മാർഗ്ഗമദ്ധ്യേ രാത്രിയായതുകൊണ്ടു് അദ്ദേഹം അവിടെ വിശ്രമിച്ചു. അന്നു് ഉറക്കത്തിൽ അദ്ദേഹത്തിന്നു മറെറാരു സ്വപ്നമുണ്ടായി. താൻ തലേദിവസം കണ്ട സ്വപ്നത്തിന്റെ അർത്ഥം താൻ ഉദ്ദേശിച്ചതുപോലെയല്ലെന്നും, അതി

ന്നു് ആത്മീയമായ ഒരത്ഥമാണു് ഉണ്ടായിരുന്നതെന്നും, താൻ ഈശ്വരൻെറ പടനായകസ്ഥാനത്തേക്കാണു് ഉയരേണ്ടതെന്നും, താൻ യുദ്ധംചെയ്തു കീഴമത്തേണ്ടതായ ശത്രുക്കറം തൻെറ പഞ്ചേന്ദ്രിയങ്ങളാണെന്നും, കൂട്ടുപടയാളികറം ഭാവിയിലെ തൻെറ ശിഷ്യന്മാരായിരിക്കുമെന്നും ഈ സ്വപ്നം വഴിയായി അദ്ദേഹം ഗ്രഹിച്ചു.

കൃതാത്ഥനായ അദ്ദേഹം അടുത്ത പ്രഭാതത്തിൽ തന്നെ സ്വഗൃഹത്തിലേക്കു മടങ്ങി. ഒരിക്കൽ അസ്സീസിഗ്രാമത്തിന്നടുത്തുള്ള ഒരു വിശാലമായ മൈതാനത്തിൽ അദ്ദേഹം കുതിരസ്സവാരിചെയ്തുകൊണ്ടിരുന്നു. അപ്പോറം ഒരു കുഷ്ഠരോഗി ആ വഴിയെ വന്നു. ആയാളുടെ ശരീരത്തിൽ രോഗം കഠിനമായി ബാധിച്ചിരുന്നു. ഫ്രാൻസീസിന്നു് ആയാളെക്കണ്ടപ്പോറം വലുതായ വെറുപ്പും അറപ്പും തോന്നി. പക്ഷെ ഇന്ദ്രിയജയത്തിൻെറ ആവശ്യകതയെപ്പററി ഓമ്മവരികയാൽ അടുത്ത ക്ഷണത്തിൽതന്നെ അദ്ദേഹം കുതിരപ്പുറത്തുനിന്നിറങ്ങി ആ രോഗിയെ ചുംബിപ്പാൻ ഭാവിച്ചു. തനിക്കു് എന്തെങ്കിലും ദാനംചെയ്യുവാൻ വരികയാണെന്നുകരുതി രോഗി കൈനീട്ടി. ഉടനെ അദ്ദേഹം കുപ്പായക്കീശയിൽനിന്നു് ഒരു സ്വണ്ണനാണയം എടുത്തു് അവൻെറ കയ്യിൽ വെച്ചുകൊടുക്കയും അതോടെ അവനെ ചുംബിക്കയും ചെയ്തു. അനന്തരം അദ്ദേഹം കുതിരപ്പുറത്തുകയറി നോക്കിയപ്പോറം ആ രോഗിയെ അവിടെ കണ്ടില്ല. വിശാലമായ ആ മൈതാനത്തിൻെറ മദ്ധ്യത്തിൽ നിന്നുകൊണ്ടു് അദ്ദേഹം നാലുപുറവും നോക്കി. ആരേയും അവിടെ കണ്ടില്ല.

മററൊരിക്കൽ അദ്ദേഹം വിശുദ്ധ പത്രോസി ൻെറ ശവക്കല്ലറ വന്ദിക്കുന്നതിന്നുവേണ്ടി, റോമായിലേക്കു് ഒരു പുണ്യയാത്ര പുറപ്പെട്ടു. അവിടെ പള്ളിവാതിൽക്കൽ അനേകം പിച്ചക്കാർ കൂട്ടംകൂടി നില്ക്കുന്നുണ്ടായിരുന്നു. ദരിദ്രരുടേയും അഗതികളുടേയും സ്നേഹിതനായ അദ്ദേഹം, അവരിൽവെച്ച് ഏററവും അഗതിയായ ഒരാളുമായി തൻെറ വസ്ത്രങ്ങളെല്ലാം കൊടുത്തു് അവൻെറ വസ്ത്രങ്ങൾ പകരംവാങ്ങി ധരിക്കയും, ആ ഭിക്ഷക്കാരരായ സഹോദരന്മാരൊന്നിച്ച് ഒരുദിവസം സസന്തോഷം കഴിച്ചുകൂട്ടുകയും ചെയ്തു.

ഒരിക്കൽ അദ്ദേഹം വിശുദ്ധ ദമിയാനോസിൻെറ പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, "ഫ്രാൻസീസേ, നാശോന്മുഖമായ എൻെറ ഈ ആലയത്തെ നീ നന്നാക്കുക." എന്നു് ആരോ ആജ്ഞാപിക്കുംപോലെ തോന്നി. ആ ശബ്ദം മൂന്നുപ്രാവശ്യം ആവർത്തിക്കപ്പെട്ടു. അവിടെ മററാരും ഇല്ലാതിരുന്നതുകൊണ്ടു് അതു് ഈശ്വരനിയോഗമാണെന്നും, എന്നുതന്നെയല്ല അതു തന്നോടുള്ളതാണെന്നും അദ്ദേഹം ധരിച്ചു. ഈ ആജ്ഞയും ആത്മീയമായ അർത്ഥത്തെ കുറിക്കുന്നതായിരുന്നു. ക്രിസ്തു തൻെറ തിരുരക്തംചിന്തി സ്ഥാപിച്ച പള്ളിയെ അഥവാ തിരുസ്സഭയെപ്പററിയായിരുന്നു ഈ അറിയിപ്പ്. അദ്ദേഹം ആ വഴിയെ ഗൃഹത്തിൽചെന്നു വിശിഷ്ടങ്ങളായ വളരെ പട്ടുവസ്ത്രങ്ങളെടുത്തു തൻെറ കുതിരപ്പുറത്തുകയററി യാത്രപുറപ്പെട്ടു. അദ്ദേഹം ആ പട്ടാംബരങ്ങൾ എന്നല്ല തൻെറ കുതിരയെപ്പോലും വിററു പണം ശേഖരിച്ചു മേല്പറഞ്ഞ പള്ളിയിലേക്കു ചെന്നു. ആ പണം അവിടെ

ത്തെ പാഠവപ്പെട്ട വൈദികനെ ഏല്പിച്ചു. പക്ഷേ വൈദികൻ ഫ്രാൻസീസിൻെറ പിതാവിനെ ഭയപ്പെട്ടു് അതു വാങ്ങിയില്ല.

ബർണാർഡനി ഈ വിവരംഅറിഞ്ഞു് അത്യന്തം കോപിച്ചു. പുത്രനെ അന്വേഷിച്ചു് അദ്ദേഹം പ്രസ്തുത ദേവാലയത്തിലെത്തി. ഭീതനായ പുത്രൻ അവിടെനിന്നോടി അടുത്തുള്ള കാട്ടിലെ ഒരു ഗുഹയിൽ അഭയംപ്രാപിച്ചു. ബർണാർഡനി പുത്രൻ അവിടെ ഇട്ടേച്ചുപോയ പണസ്സഞ്ചിയുമെടുത്തു വീട്ടിലേക്കു മടങ്ങിപ്പോയി. ഫ്രാൻസീസാകട്ടെ ആഹാരാദികളൊന്നുംകൂടാതെ കുറെ ദിവസം ഗുഹയിൽ കഴിച്ചുകൂട്ടി. പിന്നീടു ഗത്യന്തരമില്ലായ്കയാൽ അദ്ദേഹം വീട്ടിലേക്കുതന്നെ പുറപ്പെട്ടു.

അദ്ദേഹത്തിൻെറ ദയനീയമായ ശരീരപ്രകൃതിയും, മുഖഭാവവും, അസാധാരണമായ പെരുമാറ്റങ്ങളും കണ്ടു ഗ്രാമവാസികൾ "ഇതാ ഒരു ഭ്രാന്തൻ" എന്നു ഘോഷിച്ചു് അദ്ദേഹത്തെ കല്ലും ചേറും വാരി എറിയുവാൻ തുടങ്ങി. അദ്ദേഹമാകട്ടെ യാതൊരു ക്ഷോഭവുംകൂടാതെ നേരേ നടകൊണ്ടു. അപ്പോഴയ്ക്കും ബർണാർഡനി അവമാനം സഹിക്കവയ്യാതെ സാമാന്യത്തിലധികം ക്രുദ്ധനായി ഓടിച്ചെന്നു പുത്രനെ വലിച്ചിഴച്ചു വീട്ടിൽ കൊണ്ടുപോയി കഠിനപ്രഹരിച്ചശേഷം ഒരു മുറിയിൽ ഇട്ടു പൂട്ടി.

കുറേനാൾ കഴിഞ്ഞു് ബർണാർഡനി എന്തോ കാര്യത്തിനായി അല്പം അകലെ ഒരു ദിക്കിൽ പോയപ്പോൾ, അയാളുടെ ഭാര്യ മനസ്സലിഞ്ഞു പുത്രനെ തടവിൽനിന്നു വിട്ടയച്ചു. ഫ്രാൻസീസു വീണ്ടും പ

ണ്ടത്തെ പള്ളിയിൽപോയി താമസമാക്കി. പിതാവു വീട്ടിൽ മടങ്ങിവന്നപ്പോൾ പുത്രൻ പോയതറിഞ്ഞു ഭാര്യയെ കഠിനമായി ശാസിച്ചു. ബർനാഡൊനി പള്ളിയിൽപ്പോയി പുത്രനെ കൊണ്ടുവന്നു. അനന്തരം അവനെ അസ്സീസിയിലെ മെത്രാൻെറ സമീപം കൊണ്ടുപോയി അവനെ തൻെറ പുത്രൻെറ അവകാശത്തിൽനിന്നു് ഒഴിവാക്കിത്തരേണമെന്നപേക്ഷിച്ചു. ഫ്രാൻസീസ് മെത്രാൻെറ സന്നിധിയിൽവെച്ചു തൻെറ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞു് അച്ഛനെ ഏല്പിച്ചു. അനന്തരം മെത്രാൻ ദാനംചെയ്ത ഒരു വസ്ത്രം ധരിച്ചുകൊണ്ടു പറഞ്ഞു:—"ഇതേവരെ ഞാൻ അങ്ങയെ പിതാവെന്നു വിളിച്ചു. ഇനിമേലാൽ എനിക്കു സ്വതന്ത്രമായും നിർഭയമായും സ്വർഗ്ഗത്തിലെ എൻെറ പിതാവെ, എന്നു വിളിക്കാം." അദ്ദേഹം ഒരു പുണ്യവാനായിത്തീരുമെന്നു് ആദ്യനോട്ടത്തിൽതന്നെ മെത്രാൻ ഗ്രഹിച്ചു് അദ്ദേഹത്തെ അനുഗ്രഹിച്ചു. അന്നു ഫ്രാൻസീസിന്നു 24 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

താമസിയാതെ അദ്ദേഹം ഒരു തീർത്ഥയാത്ര പുറപ്പെട്ടു. ഫ്രഞ്ചുഭാഷയിൽ ദൈവസ്തുതികളായ ഗീതങ്ങൾ പാടിക്കൊണ്ടാണു വനപ്രദേശങ്ങളിൽകൂടി അദ്ദേഹം ഏകനായി യാത്രചെയ്തതു്. ഈ ഗാനരസം ആസ്വദിക്കുന്നതിന്നുവേണ്ടി പക്ഷിമൃഗാദികൾ അദ്ദേഹത്തിൻെറ സമീപത്തു കൂട്ടമായി വന്നുകൊണ്ടിരുന്നു. കാരുണ്യമൂർത്തിയായ അദ്ദേഹത്തോടു പക്ഷിമൃഗാദികൾ നല്ലപോലെ ഇണങ്ങി പെരുമാറുക പതിവാണു്. അദ്ദേഹത്തിന്നു് അവയുമായി സംസാരിപ്പാൻ കഴിഞ്ഞിരുന്നു. കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്ന വിഷയ

ത്തിലാണു പിന്നീടു് അദ്ദേഹത്തിൻെറ ശ്രദ്ധ പതി
ഞ്ഞതു്. വളരെനാളം സന്തോഷത്തോടും നന്മന
സ്സോടും കൂടി അദ്ദേഹം കുഷ്ഠരോഗികളെ ശുശ്രൂഷിച്ചു
സുഖപ്പെടുത്തി. ഒരിക്കൽ വഴിയിൽക്കൂടി കടന്നുപോ
കുന്ന ഒരു കുഷ്ഠരോഗി അദ്ദേഹത്തെക്കണ്ടു തൃക്കാലുകൾ
ചുംബിക്കുന്നതിന്നായടുത്തു. ഫ്രാൻസീസ് ഉടനെ വാ
ത്സല്യപൂൎവ്വം അവൻെറ മുഖത്തു ചുംബിച്ചു. അതോ
ടെ അവൻ അത്ഭുതകരമാംവിധം ഉടൻതന്നെ സുഖം
പ്രാപിക്കയും ചെയ്തു.

അനന്തരം അദ്ദേഹം അസീസിയിലേക്കുതന്നെ
മടങ്ങിവന്നു. ഗ്രാമസമീപം ഒരു കുന്നിൻചുവട്ടിലു
ള്ള ഗുഹയിലാണു് അദ്ദേഹം താമസമാക്കിയതു്. ദി
വസേന ജനപദങ്ങളിൽചെന്നു ഭിക്ഷ യാചിക്കയും
കിട്ടുന്നതു് അഗതികൾക്കു ദാനംചെയ്കയും ഫലമൂലാ
ദികൾ ഭക്ഷിക്കയും ചെയ്തുകൊണ്ടു് അദ്ദേഹം കാല
യാപനംചെയ്തു. ഇക്കാലത്തു യാചിച്ചുകിട്ടിയ പണം
കൊണ്ടു് അദ്ദേഹം മൂന്നു പള്ളികൾ കേടുപാടുകൾതീ
ൎത്തു നന്നാക്കുകയുണ്ടായിട്ടുണ്ടു്. മേൽപ്രസ്താവിച്ച ദ
മിയാനോസിൻെറ പള്ളിയും അവയിലുൾപ്പെട്ടിരു
ന്നു. അദ്ദേഹത്തിൻെറ ജീവിതരീതി പലരേയും അ
ദ്ദേഹത്തിൻെറ ശിഷ്യപദത്തിലേക്കാകർഷിച്ചു. അങ്ങ
നെ വന്നവരിൽ ഒന്നാമൻ വിശുദ്ധ ബെൎന്നർദോസു്
ആയിരുന്നു. ശിഷ്യന്മാരെയെല്ലാം ചേൎത്തു് അദ്ദേഹം
ഒരു സന്യാസിസംഘം രൂപവൽകരിച്ചു. 1. "പു
ണ്യപൂൎണ്ണതയുള്ളവനാകുവാൻ നിനക്കു മനസ്സുണ്ടെ
ങ്കിൽ നീ പോയി നിനക്കുള്ളതൊക്കെയും വിററു ഭിക്ഷു
ക്കൾക്കു കൊടുക്കുക." 2. "നിങ്ങൾ വഴിയിൽ യാ

തൊന്നും കൊണ്ടുപോകരുതു്." 3. "എൻെറ പിന്നാലെ വരുവാൻ മനസ്സാകുന്നവൻ തന്നത്താൻ വെറുത്തുപേക്ഷിച്ചു തൻെറ കുരിശുചുമന്നുകൊണ്ടു് എന്നെ അനുഗമിക്കട്ടെ." എന്ന മൂന്നു പ്രസിദ്ധവേദവാക്യങ്ങളായിരുന്നു ആ പുതിയസംഘത്തിൻെറ മുദ്രാവാക്യങ്ങൾ.

1216-ൽ അദ്ദേഹം റോമാപുരിയിൽചെന്നു മാർപ്പാപ്പതിരുമേനിയെ മുഖംകാണിച്ചു. അവിടുന്നു ഫ്രാൻസീസിൻെറ സന്യാസത്തെയും അദ്ദേഹത്തിൻെറ സന്യാസിസംഘത്തെയും അംഗീകരിച്ചാശീർവ്വദിച്ചു.

അഗതികൾക്കും അനാഥർക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടും ദിവ്യമായ കരുണാമൃതം പൊഴിച്ചുകൊണ്ടും അദ്ദേഹം ഇററലിയിൽ കുറേക്കാലം ചുററിസ്സഞ്ചരിച്ചു. അക്കാലത്തു് അദ്ദേഹം വളരെ അത്ഭുതകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടു്. ഒരിക്കൽ ഈ സഞ്ചാരങ്ങൾക്കിടയിൽ അദ്ദേഹം അഗോബിയോ എന്ന നഗരത്തിൽ ചെല്ലുവാനിടയായി. അവിടെ ഒരു ചെന്നായുടെ ഉപദ്രവംമൂലം തദ്ദേശവാസികൾ വളരെ ഭയസംഭ്രാന്തരായിട്ടാണു ജീവിച്ചിരുന്നതു്. ഫ്രാൻസീസ് ഇതറിഞ്ഞു നേരെ കാട്ടിലേക്കു പുറപ്പെട്ടു. നഗരവാസികൾ പലരും അദ്ദേഹത്തെ തടഞ്ഞുനോക്കി; ഫലമുണ്ടായില്ല. ചിലർ ആ സന്യാസിവര്യനെ അനുഗമിച്ചു കാട്ടിൽ പ്രവേശിച്ചു. പക്ഷെ ചെന്നായ ക്രുദ്ധനായി കുതിച്ചുപാഞ്ഞുവന്നപ്പോൾ അവരെല്ലാം അകലേക്കു് ഓടിക്കളഞ്ഞു. ഫ്രാൻസീസ് അവിടെത്തന്നെ നിന്നു. ആ ഭക്തവര്യൻ കൈകൊണ്ടു കുരിശടയാളം വരച്ചപ്പോൾ ചെന്നായ ഒരാട്ടിൻ

കട്ടിയെപ്പോലെ ശാന്തനായി അടുത്തുവന്നു. അദ്ദേഹം കുനിഞ്ഞുനിന്നു് ആ മൃഗവുമായി സംസാരിച്ചു. ഇതെല്ലാം അകലെനിന്നിരുന്നവർ കണ്ടു മനസ്സിലാക്കി. അനന്തരം അദ്ദേഹം ആ ഉഗ്രജന്തുവിനെ നഗരത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ഒരാട്ടിൻകിടാവെന്നപോലെ ആ മൃഗം അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹം നഗരവാസികൾക്കും ചെന്നായ്ക്കും തമ്മിൽ ഒരു ഉടമ്പടിയുണ്ടാക്കി. നഗരവാസികൾ ദിനംപ്രതി ചെന്നായ്ക്കു വേണ്ട ഭക്ഷണം കൊടുക്കണമെന്നും ചെന്നായ ജനങ്ങളാരേയും ഉപദ്രവിക്കയില്ലെന്നുമായിരുന്നു ഉടമ്പടിയിലെ നിശ്ചയം. അതനുസരിച്ചു രണ്ടു വർഷം നടന്നശേഷം ആ മൃഗം ചത്തു പോയത്രെ.

മറെറാരിക്കൽ ശിഷ്യന്മാരൊന്നിച്ചു് ഒരു വയലിൽക്കൂടി നടന്നുപോകുമ്പോൾ അദ്ദേഹം കൈ ഉയർത്തി പറവകളെ വിളിച്ചു. വലുതും ചെറുതുമായ എല്ലാ പക്ഷികളും ആ പാടത്തു വന്നു് അണിനിരന്നു. ആ സന്യാസിപുംഗവൻ അവയെ അഭിമുഖീകരിച്ചു ലളിതമായ ഭാഷയിൽ സുവിശേഷത്തിലെ ഒരു ഭാഗത്തെ അധികരിച്ചു് ഒരു ലഘുപ്രസംഗം ചെയ്തു. നിശ്ശബ്ദരായി തലയുയർത്തിപ്പിടിച്ചുകൊണ്ടു് അവ സശ്രദ്ധം പ്രസംഗം ശ്രവിച്ചു. അനന്തരം അദ്ദേഹം കൈ ഉയർത്തി അവയെ ആശീർവ്വദിച്ചശേഷം പോകുവാൻ അനുജ്ഞകൊടുത്തു. ഉടനെ അവ ചിറകുകളടിച്ചു പാടിയും ചിലച്ചും അന്തരീക്ഷത്തിലേയ്ക്കുയർന്നു. ശിഷ്യവർ ഈ സംഭവംകണ്ടു് അത്ഭുതപരതന്ത്രരായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലോ.

കുറെ കൊല്ലങ്ങൾകൂടി ലോകസേവനവും ഈശ്വരസേവനവും നടത്തിയശേഷം, തൻെറ മരണ

കാലം സമീപിച്ചിരിക്കുന്നു എന്നറിഞ്ഞ്, അദ്ദേഹം സന്യാസി സംഘത്തിൻെറ ഭരണം മറെറാരു ഭക്താഗ്രഗണ്യനെ ഏല്പിച്ച്, വനാന്തരങ്ങളിൽചെന്ന് ഏകാന്തവാസം തുടങ്ങി. അവിടെ പക്ഷികളായിരുന്നുവത്രെ അദ്ദേഹത്തിന്നു വേണ്ട ശുശ്രൂഷകൾ ചെയ്തിരുന്നതു്. പലപ്പോഴും ക്ഷീണം വദ്ധിക്കുമ്പോൾ ഒരു കല്ലോ മരക്കഷണമോ തലക്കുവെച്ച് വെറും നിലത്താണ് അദ്ദേഹം വിശ്രമിക്കുക പതിവ്. അങ്ങനെ ഉഗ്രമായ തപസ്സാചരിച്ചു ജീവിക്കവെ ഒരു ദിവസം ശ്രീയേശുദേവൻ പ്രത്യക്ഷനായി. തൻെറ ഭക്തനായ ദാസനെ അനുഗ്രഹിച്ചു മറഞ്ഞു. ഉടനെ ആ ഭക്തശിരോമണിയുടെ കൈകാലുകളിലും ശരീരത്തിലും ക്രൂശിക്കപ്പെട്ട ക്രിസ്തുവിൻെറ പ്രസിദ്ധങ്ങളായ അഞ്ചു ക്ഷതചിഹ്നങ്ങൾ തിളങ്ങിക്കാണപ്പെട്ടു. ഇടയ്ക്കിടെ അദ്ദേഹത്തെ സന്ദശിച്ചിരുന്ന ശിഷ്യഗണങ്ങൾ ഈ അടയാളങ്ങൾ കണ്ട് എത്രമാത്രം അത്ഭുതാനന്ദപരവശരായിത്തീൻ എന്നു പറയേണ്ടതില്ലല്ലോ.

താമസിയാതെ ആ പുണ്യാത്മാവു നിത്യസമാധിയടഞ്ഞു ശാശ്വതപദം പ്രാപിച്ചു. അസീസിഗ്രാമത്തിൽ ആ പുണ്യപുരുഷൻെറ പുണ്യസ്മരണയ്ക്കായി ഒരു മഹത്തായ പ്രാത്ഥനാലയം പണിയപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ മൃതദേഹത്തിൻെറ ദിവ്യാവശിഷ്ടങ്ങൾ അവിടെ പൂജ്യമായി സംസ്കരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ഏപ്പെടുത്തിയ സംഘം ഇപ്പോഴും പ്രശസ്തസേവനം ചെയ്തു നിലനിന്നുവരുന്നുണ്ട്.

# തുകാരാം.

പൂനായിൽനിന്നു് ഉദ്ദേശം 14 നാഴിക അകലെ "ദേഹേ" എന്ന ഗ്രാമത്തിലാണു തുകാരാം ജനിച്ചതു്. അദ്ദേഹത്തിൻെറ അച്ഛനായ ബോലോജി ആ ഗ്രാമത്തിൽ ഒരു ചില്ലറക്കച്ചവടക്കാരനായിരുന്നു. അദ്ദേഹത്തിൻെറ പൂർവ്വികന്മാരിലൊരാറം തൻെറ സ്വത്തു മുഴവൻതന്നെ ശ്രീകൃഷ്ണൻെറ ഒരു ക്ഷേത്രം പണിയുവാൻ ചിലവഴിച്ചിട്ടുണ്ടു്. ബോലോജിയുടെ മൂന്നു പുത്രന്മാരിൽ രണ്ടാമത്തേവനായിരുന്നു തുകരോം. മൂത്ത പുത്രനായ സാംബ്ജി ചെറുപ്പത്തിൽതന്നെ വിരാഗിയായിത്തീന്നതിനാൽ അദ്ദേഹം വീടും ലോകസുഖങ്ങളും ഉപേക്ഷിച്ചു സന്യാസിയായിപ്പോയി. പോകുമ്പോറം അദ്ദേഹം തുകാരാമിനോടു പറഞ്ഞു:—"സഹോദര, എനിക്കു കച്ചവടത്തിലും മററും താല്പര്യമില്ല. ഭക്തനായി ജീവിതം നയിക്കുവാൻ ഞാൻ ഇച്ഛിക്കുന്നു. അതുകൊണ്ടു ഞാൻ നാടും വീടും ഉപേക്ഷിച്ചു തീർത്ഥാടനം ചെയ്യയാണു്. നീ നമ്മുടെ ഗൃഹവും, കുടുംബവും, കൃഷിയും മററും പരിപാലിക്കുമല്ലോ."

അന്നുമുതൽ തുകാരാം കച്ചവടത്തിൽ അച്ഛനു സഹായിയായി വത്തിച്ചു. അന്നു് അദ്ദേഹത്തിന്നു 13 വയസ്സു പ്രായമായിരുന്നു തുകാരാമിന്നു 19 വയസ്സുള്ളപ്പോറം അദ്ദേഹത്തിൻെറ അച്ഛനും അമ്മയും പരലോകം പ്രാപിച്ചു; അനന്തരം അദ്ദേഹം ഏകനായി ജീവിതസമരത്തിൽ ഏർപ്പെടേണ്ടിവന്നു. അക്കാലത്തു നാട്ടിലാകെ ക്ഷാമം ബാധിച്ചതുകൊണ്ടു കച്ച



വടത്തിൽ മെച്ചമൊന്നുമുണ്ടായില്ല. എന്നുതന്നെയല്ല ക്രമേണ കച്ചവടം അവസാനിക്കയും അദ്ദേഹത്തിന്നു പണത്തിന്നു വലിയ ബുദ്ധിമുട്ടു നേരിടുകയും ചെയ്തു. താമസിയാതെ അദ്ദേഹത്തിൻെറ ഭാൎയ്യയും പുത്രനും കാലഗതി പ്രാപിച്ചു. ഈ ദുഃഖവും മററക്ലേശങ്ങളും എല്ലാംകൂടി തുകാരാമിനെ ഒരു വിരാഗിയാക്കിത്തീൎത്തു.

ഇക്കാലത്തു് അദ്ദേഹത്തെ വീണ്ടും ലോകത്തിലേക്കു് ആകൎഷിച്ചിരുന്ന ഒരേ ഒരു പാശബന്ധം അദ്ദേഹത്തിൻെറ ദ്വിതീയപത്നിയായിരുന്നു. അവൾ പതിവ്രതയും ഭൎത്തൃശുശ്രൂഷയിലും ബാലപരിചരണത്തിലും വളരെ ശ്രദ്ധാന്തിയുള്ളവളുമായിരുന്നു. എന്നിരുന്നാലും ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ പലപ്പോഴും നല്ല സ്വരചേച്ചയുണ്ടായിരുന്നില്ല. എന്തെന്നാൽ ഒരാൾക്കു് ഇഹലോകചിന്തയും മറെറ ആൾക്കു പരലോകചിന്തയുമായിരുന്നതുകൊണ്ടു പല ഘട്ടങ്ങളിലും അവർതമ്മിൽ അഭിപ്രായഭിന്നതയുണ്ടാകാറുണ്ടു്. അങ്ങനെ പല സംഭവങ്ങളുമുണ്ടായിട്ടുണ്ടു്. എങ്കിലും ഒന്നുരണ്ടെണ്ണം മാത്രം പറയാം.

ഒരിക്കൽ ഭാൎയ്യ നദിയിൽ കുളിച്ചുകൊണ്ടിരിക്കവെ, മിക്കവാറും നഗ്നനായ ഒരു ഭിക്ഷക്കാരൻ ആ വഴിയെ കടന്നുപോയി. അവൻ ചില പഴയ വസ്ത്രങ്ങൾ തരേണമെന്നു യാചിക്കയും, തുകാറാം നദീതീരത്തു കിടന്നിരുന്ന ഭാൎയ്യയുടെ വസ്ത്രങ്ങൾ എടുത്തു് അവന്നു കൊടുക്കയും ചെയ്തു.

മറെറാരിക്കൽ ഒരു കൃഷിക്കാരൻ തൻെറ വിളവു നശിപ്പിക്കുന്ന പക്ഷികളെ ആട്ടിയോടിക്കുന്നതി

ന്നായി തുകാറാമനെ ഏല്പിച്ചു. അദ്ദേഹം അവിടെ ഇ രുന്നു് അല്പസമയം കഴിഞ്ഞപ്പോഠം ശ്രീകൃഷ്ണധ്യാന ത്തിൽ മുഴുകിപ്പോകയാൽ തന്നെ ഏല്പിച്ചജോലി വി സ്മരിച്ചുകളഞ്ഞു. ആ തരം നോക്കി പക്ഷികഠം കൂട്ടംകൂ ട്ടമായി വന്നു വിളവു് ഒട്ടുമുക്കാലും നശിപ്പിച്ചു. കൃഷി ക്കാരൻ ഇതറിഞ്ഞു കുപിതനായിച്ചമഞ്ഞു. ആയാഠം തുകാറാമനെ ഗ്രാമാധികാരിയുടെ മുമ്പാകെ കൊണ്ടു ചോയി ഉണ്ടായ സംഭവമെല്ലാം പറഞ്ഞു് ആവലാ തിപ്പെട്ടു. കൃഷിക്കാരൻ ഉദ്ദേശിച്ചിരുന്നത്ര ധാന്യം തു കാറാം അയാഠംക്കു കൊടുക്കണമെന്നും നശിപ്പിക്ക പ്പെട്ട വിളവു തുകാറാമിന്നു കൊയ്തെടുക്കാമെന്നും ഗ്രാ മാധികാരി വിധിച്ചു. തുകാറാം തൽക്കാലം അതിന്നു സമ്മതിച്ചുവെങ്കിലും വിളവു കാക്കുന്നതിന്നോ കൊയ്യു ന്നതിന്നോ അദ്ദേഹം ഉത്സാഹിക്കയുണ്ടായിട്ടില്ല. എ ന്നാൽ തന്റെ പത്നിയുടെ നിർബ്ബന്ധംമൂലം ഒടുവിൽ അദ്ദേഹം അതു കൊയ്തെടുത്തു. കൊയ്ത്തുകഴിഞ്ഞു് അളന്നുനോക്കിയപ്പോഠം കൃഷിക്കാരൻ ഉദ്ദേശിച്ചി രുന്നതിന്റെ ഒമ്പതിരട്ടി ധാന്യമുണ്ടായിരുന്നുവ ത്രെ. തുകാറാം കൃഷിക്കാരന്നു കൊടുക്കേണ്ടതു കൊടു ത്തശേഷം ബാക്കിയുള്ളതു മുഴുവൻ തന്റെ പൂർവ്വികൻ പണിയിച്ചിട്ടുള്ള ക്ഷേത്രത്തിന്നായി ചിലവഴിച്ചു. ഇതു് അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ഇഷ്ടമായില്ല; എ ന്തെന്നാൽ അതു തങ്ങളുടെ കുടുംബകാര്യങ്ങഠംക്കായി വിനിയോഗിക്കണമെന്നാണു് അവഠം ഉദ്ദേശിച്ചി രുന്നതു്.

എന്നിട്ടും അവഠം ഭഗ്നാശയായില്ല. ഭർത്താവി

നെ വീണ്ടും ലോകകാൎയ്യങ്ങളിൽ ബുദ്ധിപൂൎവ്വം പ്രവൎത്തിക്കമാറാക്കവാൻ അവൾ പരിശ്രമിച്ചുകൊണ്ടേ ഇരുന്നു. ഒരു ദിവസം അവൾ തന്റെ അച്ഛന്റെ അടുക്കൽ പോയി 200-ക കടം വാങ്ങിക്കൊണ്ടുവന്നു. ഭൎത്താവിനെ എന്തെങ്കിലും വ്യവസായത്തിൽ ഏൎപ്പെടുത്തണമെന്നു കരുതിയാണു് അവൾ അങ്ങനെ ചെയ്തതു്. ആ പണംകൊണ്ടു് അവൾ ഒരു ചില്ലറക്കച്ചവടത്തിന്നു പററുന്ന പലവിധ സാധനങ്ങൾ വാങ്ങി അവ വിററു് ആദായമുണ്ടാക്കുന്നതിന്നായി പ്രിയതമനെ ഏല്പിച്ചു. അദ്ദേഹം അവയുമെടുത്തു പുറപ്പെട്ടു. ഗ്രാമത്തിൽനിന്നു കുറെ ദൂരം ചെന്നപ്പോൾ കടത്തിൽപ്പെട്ടു വലയുന്ന ഒരു സാധു ദരിദ്രബ്രാഹ്മണനെ അദ്ദേഹം കണ്ടു. ആ ഭൂസുരന്റെ കഷ്ടസ്ഥിതി ഗ്രഹിച്ചപ്പോൾ തുകാറാം തന്റെ കൈവശമുള്ളതെല്ലാം അദ്ദേഹത്തിന്നുകൊടുത്തു വെറും കയ്യോടെ ഗൃഹത്തിലേക്കു മടങ്ങിച്ചെന്നു.

ജനങ്ങൾ പലപ്പോഴും അദ്ദേഹത്തെ ആക്ഷേപിച്ചിരുന്നു. ഒരിക്കൽ അവർ ഉള്ളികൊണ്ടുള്ള ഒരു മാല കഴുത്തിൽ ധരിപ്പിച്ചു് അദ്ദേഹത്തെ ഒരു കഴുതപ്പുറത്തു കയററി, "ഇതാ ഒരു ഭ്രാന്തൻ" എന്നു നിലവിളിച്ചുകൊണ്ടു തെരുവുകളിൽക്കൂടി കൊണ്ടുനടന്നു. തന്മൂലം, ഇനി ആ ഗ്രാമത്തിൽ വസിക്കുന്നതല്ലെന്നു തീൎച്ചയാക്കി അദ്ദേഹം അടുത്തുള്ള കുന്നിൻപ്രദേശങ്ങളിലേക്കു് ഓടിപ്പോയി അവിടെ താമസമാക്കി. പക്ഷെ, അദ്ദേഹത്തിന്റെ അനുജൻ അവിടെ ചെന്നു വീണ്ടും വീണ്ടും അപേക്ഷിക്കയാൽ അദ്ദേഹം വീട്ടിലേക്കു തന്നെ മടങ്ങിപ്പോന്നു. ജ്യേഷ്ഠനും അനുജനും

തമ്മിൽ അവരുടെ പിതൃസ്വത്തുകൾ ഭാഗിച്ചെടുത്തു. തുകാറാമിന്നു കിട്ടിയതു പണം പിരിഞ്ഞു കിട്ടുവാനുള്ള കുറെ ലക്ഷ്യങ്ങളായിരുന്നു. പക്ഷെ അദ്ദേഹം പണം പിരിക്കുവാൻ ശ്രമിക്കാതെ ആ ലക്ഷ്യങ്ങളെല്ലാം നദിയിൽ വലിച്ചെറിഞ്ഞു്, ഗൃഹമുപേക്ഷിച്ചു വീണ്ടും കുന്നിൻപ്രദേശങ്ങളിൽചെന്നു അവിടെ താമസം തുടങ്ങി. കുറെനാൾ കഴിഞ്ഞപ്പോൾ, ദുഃഖിതയായ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ അവിടെ ചെന്നു കണ്ടു; ഗ്രാമത്തിലേക്കു മടങ്ങുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. പക്ഷെ അദ്ദേഹം വഴിപ്പെട്ടില്ല. അതുകൊണ്ടു്; അവൾ അവിടെത്തന്നെ താമസിച്ചു് അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ നിശ്ചയിച്ചു. ദിവസേന അവൾ ഭർത്താവിന്നു ഭക്ഷണം കൊണ്ടുകൊടുക്കുകയും അദ്ദേഹത്തിന്റെ സുഖസൌകൎയ്യങ്ങൾ അന്വേഷിക്കുകയും ചെയ്തുവന്നു. കുന്നിൻചരിവിൽക്കൂടി പലപ്പോഴും സഞ്ചരിക്കുകയാൽ അവളുടെ കാലടികൾ കല്ലിലും മുള്ളിലും തല്ലി മുറിഞ്ഞു വല്ലാത്ത വേദന അനുഭവിച്ചുകൊണ്ടായിരുന്നു അവൾ അദ്ദേഹത്തിന്നു ഭക്ഷണം കൊണ്ടുചെന്നിരുന്നതു്. ഇതു കണ്ടു് ഒരു ദിവസം തുകാറാമിന്റെ മനസ്സിളകി; അദ്ദേഹം അവളൊന്നിച്ചു ഗ്രാമത്തിലേക്കു മടങ്ങിപ്പോവാൻ സമ്മതിച്ചു. പക്ഷെ അവിടെച്ചെന്നാൽ യാതൊരുവക ജോലികളിലും ലോകകാൎയ്യങ്ങളിലും താൻ ഏൎപ്പെടുകയില്ലെന്നു് അദ്ദേഹം അവളോടു തീൎത്തു പറഞ്ഞിരുന്നു.

കുന്നിൻചരിവുകളിൻ വസിക്കുന്ന കാലത്തു്, ഒരു രാത്രി അദ്ദേഹത്തിന്നു് ഒരു ദിവ്യദൎശനമുണ്ടായി.

ഈ ദർശനമാണു് അദ്ദേഹത്തിൻെറ ഹൃദയത്തിൽ കവിതാ വാസനയെ ഉദ്ദീപിപ്പിച്ചതു്. അതിൽ പിന്നീടു് അദ്ദേഹം ഭക്തിദ്യോതകങ്ങളായ കവിതകൾ രചിക്കുവാൻ തുടങ്ങി.

തുകാരാമിൻെറ ഗീതങ്ങൾക്കു മഹാരാഷ്ട്രന്മാരുടെ ഇടയിൽ രാഷ്ട്രീയവും ആത്മീയവുമായ ഉന്നതനിലകളുണ്ടു്. ആ ദേശത്തെ ഓരോരുത്തൎക്കും കുറഞ്ഞപക്ഷം ആ ഗാനങ്ങളുടെ ഏതാനും ശകലങ്ങളെങ്കിലും ഹൃദിസ്ഥമായിരിക്കും. അക്ഷരജ്ഞാനമുള്ളവരും ഇല്ലാത്തവരും, സ്ത്രീകളും പുരുഷന്മാരും അവയെ ഗാനംചെയ്തു് ആനന്ദിക്കുന്നു. മഹാരാഷ്ട്രന്മർ അമ്മയുടെ മുലപ്പാലോടു കൂടിത്തന്നേ അവയെ ഹൃദിസ്ഥമാക്കുകയും സൌകൎയ്യമുള്ളപ്പോഴെല്ലാം അവയെ ഉദ്ധരിക്കയും ചെയ്യുന്നു. തുകാരാം ഒരു വിദ്വാനല്ലായിരുന്നു; അദ്ദേഹത്തിൻെറ ഗീതങ്ങൾ ഉൽകൃഷ്ടമായ സാഹിത്യഭാഷയിൽ എഴുതപ്പെട്ടവയുമല്ല. സാധാരണജനങ്ങൾ എളുപ്പത്തിൽ ഹൃദിസ്ഥമാക്കുമാറു ലളിതമായ സംസാരഭാഷയിലാണു് അദ്ദേഹം അവയെ രചിച്ചിട്ടുള്ളതു്.

ഈശ്വരഭക്തിയും കവിതാവാസനയും പലപ്പോഴും യോജിച്ചുകാണാറുണ്ടു്. അതുകൊണ്ടുതന്നെയാണു പുണ്യാത്മാക്കളായ പലരും കവികളായും കാണപ്പെടുന്നതു്. ഈശ്വരനെ ആരാധിക്കുന്നതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെടുന്നില്ല; ഈശ്വരമാഹാത്മ്യത്തെ മനോഹരമായി പാടി വാഴ്ത്തുന്നതിന്നുംകൂടി അവർ ഉദ്യമിക്കുന്നു. അതുകൊണ്ടാണു് അവർ കവികളായിത്തീരുന്നതു്. അത്തരം ഗീതങ്ങളും കീൎത്തന

ങ്ങളും പിൻക്കാലത്തെ ജനങ്ങളിൽ ഈശ്വരവിശ്വാശ്വാസം വളൎത്തുകയും അവരും ആ വക ഗീതങ്ങളാൽ ഈശ്വരനെ സ്തുതിക്കുകയും ചെയ്യുന്നു. തുകാരാമിന്റെ കവിതകൾക്കും അങ്ങനെ ഒരു വിശേഷശക്തിയുണ്ടു്. അവ ജനങ്ങളെ ഈശ്വരവിശ്വാസത്തിലേക്കു മാടിവിളിക്കുകയും അവരിൽ സ്വാൎത്ഥപരിത്യാഗം, ഈശ്വരഭക്തി, പാരത്രിക ചിന്ത എന്നിവയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു.

മഹാരാഷ്ട്രനായകനായ ശിവാജിയുടെ ജീവിതവിജയത്തിൽ തുകാരാമിന്നു് ഒരു പ്രധാനപങ്കുണ്ടു്. ശിവാജി ഒരു രണവീരൻ മാത്രമല്ല ഈശ്വരഭക്തനും കൂടിയായിരുന്നു. ഭക്തന്മാരുമായി സഹവസിക്കുന്നതു് അദ്ദേഹത്തിന്നു വളരെ ഇഷ്ടമായിരുന്നു. തന്റെ രാജധാനിയിൽ എല്ലാപ്പോഴും ഈശ്വരഭക്തനായ ഒരു പുണ്യാത്മാവു് ഉണ്ടായിരിക്കണമെന്ന ആഗ്രഹത്തോടുകൂടി ശിവാജി ഒരിക്കൽ രാമദാസനെ സമീപിക്കുകയുണ്ടായി; പക്ഷെ രാമദാസൻ ആ അപേക്ഷയെ നിരസിച്ചു. അപ്പോൾ അദ്ദേഹം തുകാരാമിനെ സമീപിച്ചു; അദ്ദേഹവും ആ ക്ഷണം സ്വീകരിക്കുകയുണ്ടായില്ല.

അക്കാലത്തു തുകാരാം ശിവാജിക്കു പദ്യരൂപത്തിൽ ഒരെഴുത്തു് എഴുതുകയുണ്ടായി. രാജാക്കന്മാരുടെ ആഡംബരജീവിതവും മററും താൻ എത്രമാത്രം വെറുക്കുന്നുണ്ടെന്നു തുകാരാം അതിൽ സൂചിപ്പിച്ചിരുന്നു. അദ്ദേഹം പറയുന്നു:—“മനോഹരങ്ങളായ ദീപങ്ങൾ, ആതപത്രങ്ങൾ, കുതിരകൾ, പട്ടുവസ്ത്രങ്ങൾ, സ്ഥാനമാനങ്ങൾ മുതലായവ എനിക്കു സന്തോഷം

നല്കുന്നില്ല. രാജധാനി അഥവാ അരമന, ധനികന്മാക്കുള്ളതാണു്; എന്നെപ്പോലെ നിസ്സാരന്മാരായ പാവങ്ങൾക്കുള്ളതല്ല; അവിടത്തെ വാസം എന്നെപ്പോലെയുള്ളവരെ വിഷ്പുമുട്ടിക്കും. സ്ഥാനമാനങ്ങൾ അന്വേഷിക്കുന്നവൻ ശാശ്വതസുഖം നഷ്ടപ്പെടുത്തുന്നു. ധനം ദുഃഖദുരിതങ്ങളെ ജനിപ്പിക്കുന്നു. സർവ്വവും പരിത്യജിച്ച ഒരു ഭിക്ഷുവിനെക്കാൾ സുഖിയായിട്ടു് ആരുമില്ല. രാജപ്രീതികൊണ്ടു് അല്പകാലത്തേക്കു സുഖം തോന്നുമെങ്കിലും യഥാൎത്ഥസുഖികൾ ഈശ്വരഭക്തന്മാർ മാത്രമാണു്."

ഈ എഴുത്തു വായിച്ചപ്പോൾ ശിവാജി രാജധാനിയെ ഉപേക്ഷിക്കുവാൻപോലും സന്നദ്ധനായത്രെ. അദ്ദേഹം കുറെക്കാലം തുകാരാമിൻെറ അടുക്കൽ ചെന്നു താമസിക്കുകകൂടിയുണ്ടായി. പിന്നെ തൻെറ മാതാവിൻെറ നിബ്ബന്ധപ്രകാരമാണു ശിവാജി വീണ്ടും കോവിലകത്തേയ്ക്കു മടങ്ങിയതു്. അരമനയിൽ താമസം തുടങ്ങിയ ശേഷവും ഇടക്കിടെ ശിവാജി അദ്ദേഹത്തിൻെറ ഗീതങ്ങളും ഉപദേശങ്ങളും കേൾക്കുന്നതിന്നായി അങ്ങോട്ടു പോകാറുണ്ടത്രെ. അങ്ങനെ ഒരിക്കൽ തുകാരാമിൻെറ ആശ്രമത്തിൽവെച്ചു ശിവാജിയെ പിടിക്കാമെന്നു കരുതി ശത്രുക്കൾ ആ സ്ഥലം വളഞ്ഞു. പക്ഷെ, അങ്ങനെയോ സൂത്രത്തിൽ ആ വീരൻ അവിടെനിന്നു രക്ഷപ്പെട്ടു. ശിവാജിയോടു് ആകൃതിസാമ്യമുള്ള മറെറാരാളെ അവർ പിടികൂടി.

അങ്ങനെ തുകാരാം തൻെറ ഉപദേശങ്ങൾ ജനങ്ങൾക്കു നല്കിക്കൊണ്ടു ജീവിച്ചു. അദ്ദേഹം അവരോടു വ്രതങ്ങളും ഉപവാസങ്ങളും ശീലിക്കണമെ

ന്നും, ദിവസംപ്രതി ഈശ്വരനാമം ജപിക്കണമെന്നും, ധനികനെന്നോ, ദരിദ്രനെന്നോ ഉയൎന്നജാതിക്കാരെന്നോ താഴ്ന്നജാതിക്കാരെന്നോ വ്യത്യാസം കരുതാതെ അന്യൎക്കു നന്മചെയ്യേണമെന്നും ഉപദേശിച്ചു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ പൊതുജനങ്ങളിൽ വളരെ ഫലം ചെയ്തു; അവർ അദ്ദേഹത്തെ ഒരു പുണ്യാത്മാവായി കരുതിവന്നു. പക്ഷെ മാമൂവിൽ പ്രിയരായ ബ്രാഹ്മണൎക്കു് അദ്ദേഹത്തിൻെറ ഉപദേശരീതികളൊട്ടും രസിച്ചില്ല. അവർ ആ ഭക്തവൎയ്യനെ ഉപദ്രവിച്ചുകൊണ്ടിരുന്നു; എന്നാൽ ആ ദ്രോഹങ്ങളെല്ലാം അദ്ദേഹം വിനയത്തോടും ക്ഷമയോടുംകൂടി സഹിച്ചുവന്നു. ഒരിക്കൽ അവർ അദ്ദേഹം എഴുതിയ കൃതികളെല്ലാം എടുത്തു നദിയിൽ എറിഞ്ഞു കളഞ്ഞു; എന്നിട്ടും അദ്ദേഹം കോപിക്കയുണ്ടായില്ല.

അദ്ദേഹത്തിൻെറ ആശയങ്ങളുടെ ഒരു മാതൃക കാണിക്കാം:—"ഒരു സ്വൎണ്ണപാത്രത്തിൽ പായസം നിറച്ചു് ഒരു നായുടെ മുമ്പിൽവെയ്ക്കുക; ഒരു കഴുതയുടെ കഴുത്തിൽ മുത്തുമാല കെട്ടുക; ഒരു പന്നിയെ കസ്തൂരിപൂശുക; ഒരു പണ്ഡിതൻ ഒരു ബധിരനു ജ്ഞാനം ഉപദേശിക്കുക; ഇവകൊണ്ടു് എന്തു പ്രയോജനം? തുകാറാം പറയുന്നു, പുണ്യാത്മാക്കൾക്കു മാത്രമേ ഭക്തിയുടെ മാഹാത്മ്യം അറിവാൻ കഴിയൂ എന്നു്."

തുകാറാമിൻെറ ജീവിതരീതിപോലെത്തന്നെ അദ്ദേഹത്തിൻെറ മരണവും അസാധാരണമട്ടിലായിരുന്നു. ഒരു ദിവസം അദ്ദേഹം ഭാൎയ്യയോടു പറഞ്ഞു, താൻ സ്വൎഗ്ഗത്തിലേയ്ക്കു പോകയാണെന്നു്. അനന്തരം അദ്ദേഹം നദീതീരത്തുചെന്നു് ആ ജലപ്രവാഹ

ത്തിലേക്കു ചാടിക്കളഞ്ഞു. അദ്ദേഹം എന്തുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് ആർക്കും അറിയുകവയ്യ. എന്തോ മാറാരോഗം മൂലം അത്യധികം ക്ലേശിച്ചിരുന്നതിനാൽ നൈരാശ്യത്തിൻെറ മൂർച്ഛയിൽ അങ്ങനെ ചെയ്തതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഒരു പക്ഷെ അവർ അദ്ദേഹത്തിൻെറ വിരോധിവർഗ്ഗത്തിൽ പെട്ടവരായിരിക്കാം. മററു ചിലർ പറയുന്നു, നദീഘട്ടത്തിൽവെച്ചു സമാധിയിൽ ലയിച്ചുപോകയാൽ അദ്ദേഹംപുഴയിൽ വീണതാണെന്ന്. നദിയിൽ ചാടിയ ഉടനെ, അവിടെ പ്രത്യക്ഷമായ ഒരു സുവർണ്ണരഥത്തിൽ അദ്ദേഹം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകപ്പെട്ടു എന്ന് അദ്ദേഹത്തിൻെറ ശിഷ്യന്മാർ വിശ്വസിക്കുന്നു.

തുകാറാം ഇപ്പോഴും മഹാരാഷ്ട്രന്മാരുടെ ഇടയിൽ ഒരു സജീവശക്തിയായി വർത്തിക്കുന്നു. അദ്ദേഹത്തിൻെറ കവിതകളിൽ ചിലതു മററു ഭാഷകളിലേക്കു തർജ്ജിമചെയ്യപ്പെട്ടിട്ടുണ്ടു്. അസംഖ്യം ജനങ്ങൾ പ്രതിദിനം അവയെ പാരായണംചെയ്തും ധ്യാനിച്ചും വരുന്നുണ്ടു്. അദ്ദേഹത്തിൻെറ ജനനസ്ഥലം ഇപ്പോൾ ഒരു പുണ്യക്ഷേത്രമായിരിക്കുന്നു. അനേകായിരം തീർത്ഥയാത്രക്കാർ കൊല്ലംതോറും അവിടം സന്ദർശിച്ചുവരുന്നുണ്ടു്.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M08 *Acc. No.* 13541

This book should be returned on or before the date last stamped below.

3 JUL 1978
18 NOV 1977
5 DEC 1977
2 MAY 1979
4 AUG 1980
7 JUL 1984
18 OCT 1984

നം ൪ 13541

ഉ[illegible] [illegible] ക്രോണി

[illegible]

നാലു സിദ്ധന്മാർ.

# കൊച്ചുവികടൻ

നവീനരീതിയിൽ നടത്തപ്പെടുന്ന

ഏകകഥാമാസിക.

ഫലിതംതുളുമ്പുന്ന കഥകൾ മാത്രം!

വരിസംഖ്യ (മുൻകൂർ)

| | | | |
|---|---|---|---|
| 1 കൊല്ലത്തേക്കു | 5 | 0 | 0 |
| 6 മാസത്തേക്കു | 3 | 0 | 0 |
| 3 മാസത്തേക്കു | 1 | 8 | 0 |
| ഒറ്റപ്രതി | 0 | 8 | 0 |

(തപാൽചിലവു പുറമെ.)

ഏജൻസിക്കുള്ള അപേക്ഷകൾ

പരസ്യങ്ങൾ മുതലായവ ഉടൻ അയക്കുക.

എ. എം. ജോൺ,

ഭാരതവിലാസം പ്രസ്സ് & ബുക്ക്ഡെപ്പോ,

തൃശ്ശിവപേരൂർ.

---

## ഭാരതവിലാസം

# ആയുർവ്വേദമാസിക.

2-ാംലക്കം ഉടനെ പുറപ്പെടുന്നതാണ്.

പത്രാധിപർ,

പണ്ഡിറ്റ് കെ. വാസുദേവൻ മൂസ്സ്

# നാലു സിദ്ധന്മാർ.



Pandit

J. CHAKKORU KONIKKARA

Indic Digital Archive Foundation
gpura.org